Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Education (**Shri C. H. Mohammed Koya**): Sir, I move that the Bill may be finally passed.

Minister for Home (**Shri K. M. Mani**): I second it.

The question that the Kerala Municipalities (Second Amendment) Bill, 1979 be finally passed was put and carried.

The Bill was Finally Passed

(viii) 1978–ലെ സർവ്വകലാശാലാനിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, 1978–ലെ സർവ്വകലാശാലാനിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

Mr. Deputy Speaker: The Bill stands introduced.

Shri C. H. Mohammed Koya: I move that the Bill may be taken into consideration.

Minister for Home (**Shri K. M. Mani**): Sir, I second it.

Shri N. I. Devassikutty: Sir, I move that the University Laws (Amendment) Bill, 1978 be circulated for eliciting public opinion till 30th June, 1979.

സർ, കേരളത്തിലെ വിവിധ സർവ്വകലാശാലകളേയും സ്പർശിക്കുന്ന ഒരു ഭേദഗതി നിയമമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ വൈസ്ചാൻസലറുടെ അലവൻസുകളും മറ്റാനുകൂല്യങ്ങളും നൽകാനുള്ള വ്യവസ്ഥ, ബില്ലിൽ ഇല്ലാത്തതുകൊണ്ട് അതു കൂട്ടിച്ചേർക്കാൻ വേണ്ടിയാണ്, സെക്രട്ടറിയെ നോമിനേറ്റു ചെയ്യുന്നതോടുകൂടി അഡീഷണൽ സെക്രട്ടറിയെക്കൂടി നോമിനേറ്റുചെയ്യേണ്ടതായിവരും; അതിനുവേണ്ടിയാണ്, അതുപോലെതന്നെ കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സിൻഡിക്കേറ്റിൽ മെമ്പറല്ലാത്ത യൂണിവേഴ്സിറ്റികളിൽ അതു ചെയ്യാനാണ് എന്നെല്ലാം പറഞ്ഞുകൊണ്ടുള്ള ഭേദഗതി നിയമമാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം എന്തിനിത്ര ധൃതിപിടിച്ച് ഈ വൈസ്ചാൻസ്ലറുടെ ശമ്പളം കൂട്ടുന്ന കാര്യവും ഈ സിൻഡിക്കേറ്റിലേക്കുള്ള മെമ്പറൻമാരുടെ നോമിനേഷൻ കാര്യവും ചെയ്യുന്നു? അതിനായി ഈ ബിൽ കൊണ്ടുവരുന്നതിനു മുൻപായി ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ കാണിക്കുന്ന ജാഗ്രതയുടെ ഒരംശമെങ്കിലും ഈ യൂണിവേഴ്സിറ്റിയുടെ സൽഭരണത്തിന്റെ കാര്യത്തിൽ പ്രകടിപ്പിച്ചിരുന്നുവെങ്കിൽ ഈ രാജ്യത്തെ വിദ്യാർത്ഥിലോകത്തിനും രക്ഷിതാക്കൻമാർക്കും ഈ നാട്ടിനു തന്നെയും ഒരു വലിയ അനുഗ്രഹമാകുമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ഇന്നു ചോദിക്കുവാൻ ആളുകളാരുമില്ലാത്ത, നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

ആളില്ലാത്ത കുറെ സ്ഥാപനങ്ങളാണ്, ഈ മൂന്നു യൂണിവേഴ്സിറ്റി കളും, ഇത് എന്റെ അഭിപ്രായമല്ല. ഈ രാജ്യത്തെ മുഴുവൻ രക്ഷിതാക്കൻ മാരുടെയും മുഴുവൻ ജനങ്ങളുടെയും പൊതുജനജിഹ്വകളായ പത്രങ്ങളു ടെയുമെല്ലാം അഭിപ്രായങ്ങളാണ്. കോഴിക്കോട്, കൊച്ചിൻ, കേരള സർവ്വകലാശാലകളെല്ലാം ഇന്നു അഖിലേന്ത്യാ പ്രശസ്തി ആർജ്ജിച്ചി ട്ടുള്ളത് അവരുടെ അപ്രാപ്തികൊണ്ടാണ്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്തു ചെയ്യേണ്ടതുപോലെ ചെയ്യുകയില്ലെന്നുള്ളതു വളരെ നിർബന്ധമാണ്. ചെയ്യേണ്ടതില്ലാത്ത കാര്യങ്ങൾ വളരെ ശുഷ്കാന്തി യോടുകൂടി ചെയ്യുമെന്നുള്ളതും പ്രത്യേകതയാണ്. ഇങ്ങനെയുള്ള ഒരഭി പ്രായം ഈ രാജ്യത്തു നടന്നുതുടങ്ങിയിട്ട് കുറെക്കാലമായി. ഏതെങ്കിലും ഒരു പരീക്ഷ സമയത്തിനു നടത്തിയിട്ടുണ്ടോ? ഏതെങ്കിലും പരീക്ഷകളുടെ റിസൽട്ട് സമയത്തിനു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ? എത്രയോ ലക്ഷ ക്കണക്കിനു വിദ്യാർത്ഥികളേയും ഈ രാജ്യത്തെ പാവപ്പെട്ട കുടുംബ ങ്ങളേയും സ്പർശിക്കുന്ന ഒരു കാര്യമാണിത്? സമയത്തിനു റിസൽട്ട് പ്രസിദ്ധപ്പെടുത്താത്തതുകൊണ്ട് എത്രയോ വിദ്യാർത്ഥികൾക്കു ജോലി കിട്ടാനുള്ള അവസരം നഷ്ടപ്പെടുന്നു. എത്രയോ വിദ്യാർത്ഥികളുടെ ഉന്നതപഠനത്തിനുള്ള അവസരം നഷ്ടപ്പെടുന്നു. ഇതെല്ലാം വളരെ ലാഘവ ബുദ്ധിയോടുകൂടി മാത്രം കാണുകയും അക്ഷന്തവ്യമായ ഉദാസീനതയോടു കൂടി പ്രവർത്തിക്കുകയും ചെയ്യുന്ന ഈ സർവ്വകലാശാലകളെപ്പറ്റി ചോദിക്കുവാൻ ഇന്നാട്ടിൽ ആരുമില്ല. ഇതുപോലെതന്നെ നൂറുകാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാനുണ്ട്. ഞാൻ അത്ര ദീർഘിപ്പിച്ചു പറയുന്നില്ല. ചെറിയ ചെറിയ കാര്യങ്ങൾതന്നെ പരിശോധിച്ചാൽ എന്തെല്ലാം അപ്രാ പ്തിയും അഴിമതിയും പിടിപ്പില്ലായ്മയും ആണു അവിടെ നടക്കുന്ന തെന്നു കാണാൻകഴിയും. ഈയിടെയാണ് കേരള സർവ്വകലാശാലയുടെ കുറെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ബോംബെയിൽ കണ്ടിട്ടുള്ളത്. ഡിഗ്രി സർട്ടിഫിക്കറ്റുകൾ അവിടെ വിൽപ്പനയ്ക്കു വച്ചിരുന്നു എന്നാണറിയു ന്നത്. കേരളായൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡിഗ്രി സർട്ടിഫിക്ക റ്റുകൾ ബോംബെയിൽ പണം കൊടുത്താൽ വാങ്ങിക്കുവാൻ കിട്ടുമെന്ന്. എന്നിട്ട് ഈ ഗവൺമെൻറ് എന്തുചെയ്തു? എന്തന്വേഷണം നടത്തി? യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റു പണം കൊടുത്താൽ മാർക്കറ്റിൽ കിട്ടുമെന്ന സ്ഥിതി വരികയാണെങ്കിൽ ആ യൂണിവേഴ്സി റ്റിയെ സംബന്ധിച്ച് എന്തഭിപ്രായമാണ് പറയേണ്ടത്? ഈ ഗവൺ മെൻറു എന്തു നടപടി യൂണിവേഴ്സിറ്റിക്കെതിരായി എടുത്തു? ഒന്നും ചെയ്തിട്ടില്ലെന്നുള്ളതാണ് ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചി ട്ടുള്ളത്. അവർക്കു സ്വയംഭരണാധികാരമുണ്ട്. അതുകൊണ്ട് ഞങ്ങൾ കൈകടത്തുന്നില്ലെന്നുള്ളതാണ് ഗവൺമെൻറിന്റെ നയമെങ്കിൽ ഈ യൂണി വേഴ്സിറ്റികൾ അടച്ചുപൂട്ടിയിടുന്നതായിരിക്കും കേരളത്തിലെ ജന ങ്ങൾക്കു നല്ലത്. കോഴിക്കോടു സർവ്വകലാശാലയുടെ അപ്രാപ്തിയെ പ്പറ്റി പറയുകയാണെങ്കിൽ വളരെയധികം പറയാനുണ്ട്. എങ്കിലും അവിടെ രസകരമായ ഒരു കാര്യം നടന്നു. രാമനാട്ടുകര ചന്തയിൽ മീൻവിൽക്കുന്നത്, ഫോട്ടോ അയിലയും ഫോട്ടോ മത്തിയും ആണ്. അതുവാങ്ങിക്കുവാൻ ആളുകൾ ക്യൂ ആയി നിൽക്കുകയാണ്. തൃശ്ശൂർ സെൻറ്മേരീസ് കോളേജിലേയും വിമലാ കോളേജിലേയും പെൺകുട്ടി കളുടെ പരീക്ഷയ്ക്കുള്ള അപേക്ഷാഫാറത്തിൽ പതിച്ചിരുന്ന ഫോട്ടോ കളാണ് ആയിരക്കണക്കിന് ഈ ചന്തയിൽ എത്തിയത്. ആ ഫോട്ടോ യോടൊപ്പം അയിലയും ചാളയും വിൽക്കുന്ന പുതിയ മാർഗ്ഗം കച്ചവടക്കാർ സ്വീകരിച്ചു എന്നാണ് പറയുന്നത്. അങ്ങനെ അയിലയും

LIBRARY ARCHIVES Kerala Legislative Assembly

ചാളയുമൊത്ത് പെൺകുട്ടികളുടെ പടവും വീടുകളിലെത്തുകയും പലരും സുന്ദരിമാരായ ഈ പെൺകുട്ടികളുടെ പടങ്ങളും വീടുകളിൽ ചില്ലിട്ടു വച്ചിരിക്കുകയും ചെയ്യുന്നു എന്നുപത്രറിപ്പോർട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: ഈ ഫോട്ടോ പൊതിഞ്ഞതിന്റെ ഫലമായി അയിലയുടെയും മത്തിയുടെയും വിലകൂടിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: വില കൂടുക മാത്രമല്ല, ചെലവും കണ്ടമാനം വർദ്ധിച്ചു. ആളുകൾ കയ്യു നിന്നു വാങ്ങിച്ചു. അങ്ങനെ മാനം മര്യാദയായി ജീവിക്കുന്ന വീടുകളിലെ പെൺകുട്ടികളുടെ പടം ഈ യൂണിവേഴ്സിറ്റിയിൽനിന്നും ചന്തയിലേക്കു പോകുകയും അങ്ങനെ ആളുകൾ അതിൽ അയിലയും ചാളയും വിറ്റ് ആ പടങ്ങൾ വീടുകളിലെ ചുവരുകളിൽ തൂങ്ങുകയും ചെയ്യുന്നു എന്നു പറഞ്ഞാൽ അതിൽപരം ഭയനീയമായ വസ്തുത എന്താണ്? ഒരു വീട്ടിൽ അരി വയ്ക്കുകയാണെങ്കിൽ അരി വെന്തോ എന്നറിയാൻ എല്ലാ അരിയും എടുത്തു ഞെക്കി നോക്കുകയില്ല. ഒരു ചോറെടുത്തു ഞെക്കിനോക്കിയാൽ അരിയുടെ വേവ് അറിയാൻകഴിയും. അതുപോലെ ഇങ്ങനെയുള്ള സംഭവങ്ങൾ പരിശോധിച്ചാൽ എത്രമാത്രം കഴിവുകേടും നിരുത്തരവാദിത്വവും ഈ യൂണിവേഴ്സിറ്റികൾ കാണിക്കുന്നുണ്ടെന്ന് അറിയാൻ കഴിയും. അതിനുവേണ്ടി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇങ്ങനെയുള്ള ഈ ദുഷ്ഭരണം നടന്നാൽ അതു കണ്ടിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി നടിക്കുന്നതു ശരിയാണോ എന്നു പരിശോധിക്കണം. സർ, ഞാൻ ഈ അഴിമതിയാരോപണങ്ങളെ 'സംബന്ധിച്ച്' ഒന്നും പറയുന്നില്ല. ഈ നിയമസഭയിൽ പല അംഗങ്ങളും ഈ യൂണിവേഴ്സിറ്റികളുടെ ഭരണ സമിതിയിലുണ്ടെന്നു നമുക്കറിയാം. ഞാൻ അവർക്കെതിരായി ഒന്നും അഴിമതിയാരോപണം ഉന്നയിക്കുന്നില്ല. ഈ അഴിമതിയാരോപണങ്ങളെല്ലാം യൂണിവേഴ്സിറ്റിയിലെ ഉന്നതൻമാരായ ആളുകൾ തമ്മിൽതമ്മിൽ പറയുന്നതാണ്. അഴിമതിയുടെ രഹസ്യങ്ങളൊന്നും ഞാൻ പോയി ചോർത്തിയെടുത്തിട്ടുള്ളതല്ല. യൂണിവേഴ്സിറ്റിയുടെ തന്നെ ഉന്നത സ്ഥാനം അലങ്കരിക്കുന്നവർ തമ്മിൽതമ്മിൽ നടക്കുന്ന ആരോപണങ്ങളിൽനിന്നാണ് ഈ അഴിമതിയുടെ രഹസ്യങ്ങൾ പുറത്തുവന്നത്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഷിപ്പിംഗ് ടെക്നോളജി പ്രവേശനം സംബന്ധിച്ച് എന്തുണ്ടായി എന്നു അവിടെയുള്ള അധികാരികൾതന്നെ പരസ്പരം വിളിച്ചുപറഞ്ഞു. ഉത്തരവാദപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ രാജിവച്ചു. ഇങ്ങനെ പ്രവേശനകാര്യത്തിലും മറ്റെല്ലാ കാര്യങ്ങളിലും അഴിമതിയും ക്രമക്കേടുകളും കാണിക്കുന്ന ഈ യൂണിവേഴ്സിറ്റികൾക്കെതിരായി ഒരു ചെറുവിരൽപോലും അനക്കാത്ത ഒരു ഗവൺമെൻറാണിത്. ഇതുപോലെ കുത്തഴിഞ്ഞ ഒരു സർവ്വകലാശാലാഭരണം ഈ സംസ്ഥാനത്ത് ഇതിനു മുൻപുണ്ടായിട്ടുണ്ടോ?

സർ, ബഹുമാനപ്പെട്ട മന്ത്രി അഭിമാനത്തോടുകൂടി പറയാറുണ്ട്. ഞാനാണ് സർവ്വകലാശാല ബിൽ പാസാക്കിയത്; ഞാനാണ് പൈലറ്റ് ചെയ്തിട്ടുള്ളത് എന്നെല്ലാം. ഇന്നത്തെ ഈ നില അങ്ങയ്ക്ക് അഭിമാനമാണോ? ഇന്ന് യൂണിവേഴ്സിറ്റിയുടെ ഈ അഴിമതി ഭരണം, ഈ ദുർഭരണം, അപ്രാപ്തി, കഴിവുകേട് ഇതെല്ലാം അങ്ങയ്ക്ക് അഭിമാനമാണോ? സർ, എത്ര തവണ കോഴിക്കോട് യൂണിവേഴ്സിറ്റിയിലും കേരള യൂണിവേഴ്സിറ്റിയിലുമെല്ലാം പാസായ കുട്ടികൾ തോറ്റു

LIBRARY ARCHIVES Kerala Legislative Assembly

എന്നു പ്രഖ്യാപിച്ചു. എത്ര പേർ തോറ്റവർ പിന്നീടു ജയിച്ചു എന്ന് പ്രഖ്യാപിച്ചു. നിരപരാധികളായ എത്രയോ കുട്ടികൾ കണ്ണീരൊഴുക്കി. ജയിച്ചവരെന്ന് കടലാസിൽ വരുക കുറെക്കഴിഞ്ഞ് തോറ്റുവെന്ന് പറയുക, അതുപോലെ തോറ്റവർ ജയിക്കുക, സർ, റാങ്കുപോലും തെറ്റായി നിശ്ചയിച്ചു. ഇങ്ങനെയെല്ലാം ഈ യൂണിവേഴ്സിറ്റികളിൽ ക്രമരഹിതമായി പലതും നടത്തിയിട്ടും ഈ ഗവൺമെന്റ് എന്തു ചെയ്തുവെന്ന് വിശദീകരിക്കണം. എന്നിട്ടാകാം വൈസ് ചാൻസലർക്കു ശമ്പളം കൂട്ടിക്കൊടുക്കലും കമ്മിറ്റി പരിഷ്കരിക്കലുമെല്ലാം. ഗവൺമെന്റ് ഗുരുതരമായ അക്ഷന്തവ്യമായ അനാസ്ഥയാണ് കാണിക്കുന്നതെന്നു ഞാൻ ആരോപിക്കുന്നു. അങ്ങനെ ഓരോ കാര്യത്തിലും. കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാറെ അടുത്ത കാലത്ത് സസ്പെൻറ് ചെയ്തു. അദ്ദേഹം അഴിമതി കാണിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് ചെയ്തതിനെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ അദ്ദേഹം ഹൈക്കോടതിയിൽ കേസിനു പോയി. അദ്ദേഹം പറയുന്നത് അദ്ദേഹം അഴിമതി നടത്തിയില്ലെന്നാണ്. പക്ഷേ അത് അദ്ദേഹം പറഞ്ഞാൽ നമുക്കു സ്വീകാര്യമല്ല. എന്നാൽ അദ്ദേഹം മറ്റ് പല അഴിമതികളും പുറത്തുവിടുന്നുണ്ട്. മറ്റ് പലരും ചെയ്യുന്ന അഴിമതികളും അദ്ദേഹം പുറത്തുപറയുന്നു. അതു മാത്രമല്ല പകരം അഴിമതിക്കാരനായ ഒരാളെ മന്ത്രിയുടെ പാർട്ടിയുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് നിയമിക്കാൻ വേണ്ടിയാണെന്നു അദ്ദേഹം പരസ്യമായി പറയുന്നു. ഇങ്ങനെ അഴിമതി നടത്തുന്നതിനുള്ള ലൈസൻസാണോ ഈ ഗവൺമെന്റ് നിയമന കാര്യങ്ങളിൽ ലേലം വിളിച്ച്.....

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: രജിസ്ട്രാറെ മന്ത്രിയല്ല നിശ്ചയിക്കുന്നതെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്കുണ്ടോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങനെ അനുചിതവും തെറ്റായതും അപാകതയുള്ളതുമായ നടപടി സ്വീകരിച്ചാൽ അതിന്റെ മേൽ നടപടി സ്വീകരിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നേ ഈ ബില്ല് പൈലറ്റ് ചെയ്ത അങ്ങു മറന്നു പോയോ? അങ്ങുതന്നെ പാസാക്കിയിട്ടുള്ള സർവ്വകലാശാലാ നിയമത്തിൽ യൂണിവേഴ്സിറ്റികളുടെ ഭരണ സമിതികളിൽ അപാകതകൾ വന്നാൽ, അവർ തെറ്റു ചെയ്താൽ ആ ഭരണ സമിതിയെ പെരുക്കു തൂക്കി പുറത്തെറിയാനുള്ള അധികാരം ആ നിയമത്തിലുണ്ടെന്നേ കാര്യം അങ്ങ് ഓർക്കണം. അങ്ങനെയുള്ള എല്ലാ വ്യവസ്ഥകളും ഈ സർവ്വകലാശാലാ നിയമത്തിലുണ്ട്. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും പ്രയോഗിക്കുകയുണ്ടായോ? അങ്ങ് മറന്നു പോയിട്ടുണ്ടെങ്കിൽ ഞാൻ ആ വ്യവസ്ഥ അങ്ങയുടെ ഓർമ്മക്കു വേണ്ടി വായിക്കാം. ഈ യൂണിവേഴ്സിറ്റി നിയമം പാസാക്കുമ്പോൾ അങ്ങുതന്നെ വാചാലമായി ഈ ക്ലാസ്സിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. ഞാൻ ഈ സഭയിൽ അപ്പോഴും ഉണ്ടായിരുന്നു. അന്ന് ഈ ക്ലാസ്സ് യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കാൻ ആവശ്യമായി വരുമെന്നും അങ്ങ് വാചാലമായി പ്രസംഗിച്ചു. സർ, ഞാൻ ആ സെക്ഷൻ വായിക്കാം. സെക്ഷൻ 71 അനുസരിച്ച്

Appointment of Commission to inquire into the working of University:

(1) The Government may at any time and shall, at the expiration of ten years from the commencement of this Act and thereafter at the expiration of every ten years, by order published in the Gazette, constitute a Commission which shall consist of a chairman and such other members not exceeding five as the Government may appoint, and such order shall define the procedure to be followed by the Commission,

LIBRARY ARCHIVES Kerala Legislative Assembly

(2) The Commission constituted under sub-section (1) shall inquire into and report on—

(i) the working of the University during the period to which inquiry relates

(ii) the financial position of the University including the financial position of its colleges and departments;''

അങ്ങനെ പോകുന്നു. സർ, യൂണിവേഴ്സിറ്റിയിൽ തുടരെത്തുടരെ ദുർഭരണം നടക്കുകയും, അഴിമതി നടക്കുകയും, അഡ്മിനിസ്ട്രേഷനിൽ അപാകത നടക്കുകയും, റിസൽറ്റിൽ അഴിമതി നടക്കുകയും അങ്ങനെ യൂണിവേഴ്സിറ്റിയിൽ എന്തെല്ലാം ചെയ്യാമോ അതിലെല്ലാം അഴിമതിയും, ദുർഭരണവും അപ്രാപ്തിയും കാണുമ്പോൾ പ്രയോഗിക്കാൻ വേണ്ടിയാണെന്നു പറഞ്ഞുകൊണ്ട് അങ്ങു തന്നെ പൈലറ്റ് ചെയ്ത നിയമത്തിലെ ഈ സെക്ഷൻ എന്തുകൊണ്ട് പ്രയോഗിച്ചില്ല. എന്തുകൊണ്ട് ഈ ദുർഭരണത്തെസംബന്ധിച്ച് ഒരു അന്വേഷണത്തിനു അങ്ങ് കൽപ്പന പുറപ്പെടുവിച്ചില്ല. ഇത്ര ഗുരുതരമായ ആരോപണം ഇവിടെ വന്നിട്ട് അങ്ങു തന്നെ പൈലറ്റ് ചെയ്തു പാസാക്കിയ ആക്റ്റിലെ 71—ാം വകുപ്പനുസരിച്ച് എന്തുകൊണ്ട് അന്വേഷണം നടത്തിയിട്ടില്ല. അതുകൊണ്ട് ഞാൻ ഗവൺമെൻറിനോടു ഒരു അന്വേഷണത്തിനു ആവശ്യപ്പെടുന്നു. കേരള സർവ്വകലാശാല, കൊച്ചിൻ സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല ഇവയിൽ നടക്കുന്ന ദുർഭരണത്തെ സംബന്ധിച്ച് ഞാൻ പറയുന്നതല്ല. ഈ യൂണിവേഴ്സിറ്റികളിൽ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാർ പരസ്പരം പറയുന്നതാണ് ഇങ്ങനെ പുറത്തു വന്നിട്ടുള്ള അഴിമതികളേയും, ആരോപണങ്ങളേയും, അപര്യാപ്തതയേയും കുറിച്ച് അന്വേഷണം നടത്താൻ യൂണിവേഴ്സിറ്റി നിയമത്തിലുള്ള 71—ാം വകുപ്പ് അനുസരിച്ച് ഒരു കമ്മീഷനെ ഏർപ്പെടുത്തുന്ന കാര്യം അടിയന്തിരമായി ഗവൺമെൻറ് ചിന്തിക്കണം. ഈ കമ്മീഷനിൽ അംഗങ്ങളായി ഇഷ്ടമുള്ളവരെ നിയമിക്കാൻ ഗവൺമെൻറിനു സ്വാതന്ത്ര്യം ഉണ്ട്. ഈ നിയമസഭയിലെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു അന്വേഷണ കമ്മീഷനെ വച്ച് ഈ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷിക്കാൻ ഗവൺമെൻറ് തയ്യാറുണ്ടോ? തയ്യാറുണ്ടെങ്കിൽ ഗവൺമെൻറിന് ഇക്കാര്യത്തിൽ നിയന്ത്രിക്കണമെന്ന കാര്യത്തിൽ ആത്മാർത്ഥതയുണ്ടെന്നു എനിക്കു വിചാരിക്കാൻ കഴിയും. പക്ഷേ അതൊന്നും ചെയ്യാൻ കഴിയുകയില്ല. ഒന്നും ചെയ്യാൻ തയ്യാറില്ല. എന്നാൽ ഈ നടക്കുന്നതിലെല്ലാം ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും വഹിക്കണം. ഇത് എത്രക്കാലമായി? ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഇതിനെക്കുറിച്ച് അന്വേഷിക്കാൻ യൂണിവേഴ്സിറ്റി ആക്റ്റിൽ തന്നെ വ്യവസ്ഥയുള്ളതാണ്. രാഷ്ട്രീയ പാർട്ടികൾക്കു പ്രാതിനിധ്യം കൊടുത്തുകൊണ്ട് ഒരു അന്വേഷണ കമ്മീഷനെ യൂണിവേഴ്സിറ്റി നിയമത്തിലെ സെക്ഷൻ 71 അനുസരിച്ച് ഉടനടി ഓർഡർ ചെയ്യണമെന്നാണ് എൻറെ അഭിപ്രായം. അതല്ലാതെ ഈ രോഗത്തിന് ചികിൽസയില്ല. രോഗം ഗുരുതരമായതുകൊണ്ട് ചികിൽസയും ഗുരുതരമാക്കണം. മന്ത്രിയുടെ ഉപദേശം കൊണ്ടോ, പുതിയ വ്യാഖ്യാനം നൽകിയതുകൊണ്ടോ, പടുംന്യായം പറഞ്ഞതുകൊണ്ടോ, സാന്ത്വന വാക്കുകൾ പറഞ്ഞതുകൊണ്ടോ ഒന്നും ഈ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നന്നാകാൻ പോകുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസം ശരിക്ക് നടക്കാൻ പോകുന്നില്ല. ഈ രാജ്യത്തെ രക്ഷിതാക്കൻമാരുടെ യാതനകൾക്കു മോചനം ലഭിക്കാൻ പോകുന്നില്ല. അതുകൊണ്ട് അന്വേഷണ കമ്മീഷനെ ഏർപ്പെടുത്താൻ അടിയന്തിരമായനടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സർ, അങ്ങ് അഭിമാനത്തോടുകൂടി പറയാറുണ്ട് മതന്യൂനപക്ഷങ്ങൾക്കു കൊടുക്കുന്ന പരിഗണനയെ സംബന്ധിച്ച്. ഈ അടുത്ത ദിവസമാണ് ഇൻഡ്യയുടെ ന്യൂനപക്ഷകമ്മീഷൻ ചെയർമാൻ ഇവിടെ വന്നത്. ജസ്റ്റീസ് അൻസാരി കേരളത്തിലാണ് ന്യൂനപക്ഷങ്ങൾക്ക് കൂടുതൽ പരിഗണന ലഭിക്കുന്നതെന്നു പറഞ്ഞ് ഒരു നല്ല സർട്ടിഫിക്കറ് നൽകി. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പി.കെ. വാസുദേവൻ നായർ പോയി ചോദിച്ചുവാങ്ങിച്ചിട്ടുള്ളതാണോ അതോ ജസ്റ്റീസ് അൻസാരി സ്വയമേവ കൊടുത്തിട്ടുള്ളതാണോ എന്ന് അറിയുകയില്ല. പക്ഷേ ഈ പറയുന്നതനുസരിച്ചുള്ള മുഴുവൻ പരിഗണനയും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അംഗമായിരിക്കുന്ന മന്ത്രിസഭയ്ക്ക് ഗവൺമെൻറിൽനിന്ന് കിട്ടുന്നുണ്ടോ? ഈ യൂണിവേഴ്സിറ്റികളിൽ മതന്യൂനപക്ഷങ്ങൾക്കു അർഹമായ പരിഗണന ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. ഞാൻ ഇതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഉടനെ ഞാൻ സ്വകാര്യ കോളേജ് മാനേജ്മെൻറിന്റെ വക്താവാണെന്ന് പറയും. നിങ്ങൾ എന്തുതന്നെ പറഞ്ഞു കൊള്ളൂ ഞാൻ കേട്ടുകൊള്ളാം. പക്ഷേ ഞാൻ ജനങ്ങളുടെ നൻമയ്ക്കുവേണ്ടിയാണ് പറയുന്നത് എന്ന മനഃശ്ശാന്തിയുള്ളതുകൊണ്ടാണ് തുറന്നു പറയുന്നത്. പക്ഷേ വസ്തുത എന്നും വസ്തുതതന്നെയായിരിക്കും. സത്യം എന്നും സത്യംതന്നെയായിരിക്കും. സത്യത്തെ മറെറാന്നുകൊണ്ടും ഇല്ലായ്മ ചെയ്യാൻ ഒക്കുകയില്ല. ഇവിടെ നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിന്റെ സെക്ഷൻ 53-ൽ Managing council for private colleges under corporate management എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയിൽ എനിക്കു എതിർപ്പൊന്നുമില്ല. അങ്ങനെ ഒരു വ്യവസ്ഥ വേണമെങ്കിൽ അത് നടപ്പാക്കണം. പക്ഷേ ന്യൂനപക്ഷ മത വിഭാഗങ്ങളുടെ അവകാശങ്ങളെ ലംഘിക്കുന്നതാണ് ഈ വകുപ്പ് എന്ന ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതിൽ ഉൾക്കൊള്ളുന്ന തത്വത്തെ എതിർക്കുകയില്ല. ആ വകുപ്പ് ഇവിടെയുള്ള മതന്യൂനപക്ഷങ്ങളുടെ ഭരണഘടനാദത്തമായ അവകാശങ്ങളെ നിഹനിക്കുന്നതാണെന്നും ഈ മതന്യൂന പക്ഷങ്ങൾ സംഘടിതമായി പറയുകയും ഗവൺമെൻറ് അത് തള്ളിക്കളയുകയും ചെയ്തപ്പോൾ അവർ ഈ രാജ്യത്തിലെ ഏറവും ഉന്നത നീതിപീഠമായ സുപ്രീംകോടതിയിൽ പോകുകയും സുപ്രീംകോടതി അവർക്കു അനുകൂലമായി വിധിക്കുകയും ചെയ്തു. ഈ വകുപ്പു അസാധുവാണെന്നു പ്രഖ്യാപിച്ചു. ഗവൺമെൻറ് അതു പിന്നീട് ഭേദഗതി ചെയ്തു. ഭേദഗതി ചെയ്ത രീതിയിലും ഈ വകുപ്പ് അസ്വീകാര്യമാണെന്നു മത ന്യൂനപക്ഷങ്ങൾ പറയുന്നു. ഞാൻ ഈ വകുപ്പിന്റെ നൻമ തിൻമകളിലേക്ക് കടക്കുന്നില്ല. സർ, അവരുടെ അവകാശത്തിന്റെ പ്രശ്നമായതുകൊണ്ട് പറയുകയാണ്. എത്ര നല്ല വകുപ്പുകളായിരുന്നാലും എനിക്കു വിരോധമില്ല. പക്ഷേ അവർക്കു ഭരണഘടന നൽകിയിട്ടുള്ളതായ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം അത് ശരിയല്ലെന്ന് അവർ പറഞ്ഞുകഴിഞ്ഞു. സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു. സുപ്രീംകോടതിയിൽ പരിഗണനയിലിരിക്കുന്നു. അങ്ങനെ ഇരിക്കുമ്പോൾ മതന്യൂന പക്ഷങ്ങളുടെ പ്രതിനിധി കൂടിയായ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ. സി.എച്ച്. മുഹമ്മദ്കോയ ഭരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറിൽ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി കൂടി ഉൾപ്പെട്ട ഈ ഗവൺമെൻറ് മത ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ എന്താണ് ചെയ്തിട്ടുള്ളത്. സുപ്രീംകോടതിയിൽ തീരുമാനത്തിലുള്ള ഒരു കാര്യത്തിൽ യൂണിവേഴ്സിറ്റി പറയുന്നു നിങ്ങൾക്കു പുതിയ കോഴ്സിന് അംഗീകാരം നൽകണ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിൽ നിങ്ങൾ ചോദ്യം ചെയ്യപ്പെട്ട മാനേജിംഗ് കൗൺസിൽ രൂപീകരിച്ച് റിപ്പോർട്ടു ചെയ്തില്ലെങ്കിൽ മേലാൽ ഈ കോർപ്പറേറ്റ് മാനേജ്മെൻറുകൾക്കൊന്നും പുതിയ കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകുകയില്ലെന്ന്. രേഖാമൂലം അത് എഴുതി കൊടുത്തിരിക്കുന്നു. ഒരുപക്ഷേ നിയമപരമായി അത് ശരിയായിരിക്കാം. നടപ്പിലാക്കേണ്ടതു പൊതു താൽപര്യത്തിനു ശരിയായിരിക്കാം. ഞാൻ അതിനെ എതിർക്കുന്നില്ല. പക്ഷേ നിയമപരമായി അപേക്ഷ കൊടുക്കുവാൻ അവർക്കു അധികാരമുണ്ടെന്നു അവർ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തതിനു ശേഷം യൂണിവേഴ്സിറ്റിയിൽ പുതിയ കോഴ്സ് ആരംഭിക്കണമെങ്കിൽ മാനേജിംഗ് കൗൺസിൽ രൂപീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് പറഞ്ഞാൽ അത് ഗുരുതരമാണ്. അത് ഈ രാജ്യത്ത് ഉന്നതമായ നീതിപീഠത്തിനോടുള്ള അവഹേളനമാണ്. അതുപോലെതന്നെ ഈ രാജ്യത്ത് മതന്യൂനപക്ഷങ്ങളോടുള്ള അവഗണനയാണ്.

മതന്യൂനപക്ഷങ്ങൾക്ക് കേരളത്തിൽ പരിഗണന നൽകുന്നു എന്നു പറയുന്നു. ഞാൻ അതിനെ എതിർക്കുന്നില്ല. ആ പരിഗണനയ്ക്ക് എന്താണ് കാരണം.. ആ പരിഗണന മതന്യൂനപക്ഷങ്ങൾ വളരെ ശക്തിയുള്ളവരാണെന്നുള്ളതുകൊണ്ടാണ്. ശക്തിയില്ലാത്ത ഇടതുപക്ഷ ലേന്ത്യാ തലത്തിൽ എന്തു നടക്കുന്നുവെന്ന് നമുക്കൊക്കെ അറിയാം. മത പരിവർത്തനത്തിനെതിരായ നിയമങ്ങൾ ഉണ്ടാകുകയും പുരോഹിതൻമാരെ പട്ടാപകൽ കൊലചെയ്യുകയും ചെയ്യുന്നു. ഇത് എല്ലാ സംസ്ഥാനങ്ങളിലും വ്യാപകമായി നടക്കുന്നു. ഇൻഡ്യയിലെ ജനസംഖ്യയിൽ ഒന്നരശതമാനത്തോളം മാത്രമേ കൃസ്ത്യാനികളുള്ളു. മുസ്ലീങ്ങൾ കുറച്ചു കൂടുതൽ വരും. അങ്ങനെയുള്ള ന്യൂനപക്ഷങ്ങളെ കേരളത്തിൽ അവഗണിക്കാൻ പറ്റാത്തതുകൊണ്ട് പരിഗണന കൊടുക്കുന്നു എന്നു പറയുന്നതായിരിക്കും ശരി. ഇങ്ങനെ നിയമമുണ്ടായിരുന്നിട്ടും നിയമവിരുദ്ധമായ നിർദ്ദേശം യൂണിവേഴ്സിറ്റി കൊടുക്കുമ്പോൾ ഒരു ന്യൂനപക്ഷ സമുദായത്തിൻെറ പ്രതിനിധിയായിട്ട് ഉള്ള മന്ത്രിക്ക് ഒരു ചെറുവിരൽ പോലും അനക്കാൻ ഇല്ലെങ്കിൽ ന്യൂനപക്ഷങ്ങൾക്കു കഷ്ടകാലം എന്നു മാത്രമാണ് പറയാനുള്ളത്.

അതുപോലെതന്നെ എൻെറ പഴയ നേതാവ് എ. കെ. ആൻറണിയുടെ നേതൃത്വത്തിൽ ഐതിഹാസികമായ ഒരു വിദ്യാഭ്യാസസമരം നടന്നു. ആ വിദ്യാഭ്യാസ സമരത്തിൻെറ ഫലമായി ഒരു കരാറുണ്ടായി. ആ കരാറിൻെറ രാഷ്ട്രീയവശത്തേക്കൊന്നും ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. ഏതായിരുന്നാലും ആ സമരത്തിൻെറ ഫലമായി ഒരു എഗ്രിമെൻറുണ്ടായി. അതൊരു ലീഗലീ സ്റ്റാൻറിംഗ് എഗ്രിമെൻറാണ്. ഗവൺമെൻറിനും മതന്യൂനപക്ഷങ്ങളുടെ പ്രതിനിധികൾക്കും ഒരു പോലെ ബാധകമായിട്ടുള്ള ഒരു എഗ്രിമെൻറാണ്. പക്ഷെ, ആ എഗ്രിമെൻറിൽ പറയുന്ന കാര്യങ്ങൾ മുഴുവനും അടിക്കടി പിൻവാതിലിൽകൂടി ലംഘിക്കുന്ന ഏർപ്പാടാണ് ഇപ്പോൾ നടക്കുന്നത്. ആ എഗ്രിമെൻറിൽ പറയുന്നതു പാലിച്ചാൽ മതി. അതു പാലിക്കാൻ ന്യൂനപക്ഷത്തോടു ബഹുമാനമുള്ള ഒരു ഗവൺമെൻറിനു ബാദ്ധ്യതയില്ലേ?

ശ്രീ. പി. സീതി ഹാജി: ബഹുമാനപ്പെട്ട മെമ്പറുടെ നേതാവ് ശ്രീമതി ഇന്ദിരാഗാന്ധി ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന കാലത്ത് അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയുടെ മുസ്ലീം സ്വഭാവം എടുത്തുകളഞ്ഞത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? പിന്നെ എന്തിനാണ് നിങ്ങൾ ഇവിടെ മതന്യൂനപക്ഷങ്ങളുടെ പേരിൽ മുതലക്കണ്ണീർ പൊഴിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട സീതിഹാജി ഈ രാജ്യത്താണോ ജീവിക്കുന്നതെന്ന് അറിഞ്ഞുകൂടാ. ജനതാ ഗവൺമെൻറാണോ ഇന്ദിരാഗാന്ധിയാണോ ന്യൂനപക്ഷ താൽപ്പര്യത്തിനുവേണ്ടി പ്രവർത്തിച്ചതെന്ന് സ്വന്തം ആത്മാവിനോട് ഒന്നു ചോദിക്കണം.

നമുക്കറിയാം, എന്താണ് ഇപ്പോഴം നടക്കുന്നത്. എന്തുകൊണ്ടാണ് ന്യൂനപക്ഷകമ്മീഷൻ ചെയർമാൻ രാജിവയ്ക്കാൻ തീരുമാനിച്ചത്. ജനതാ ഗവൺമെൻറ് ന്യൂനപക്ഷങ്ങൾക്കു കൊടുക്കേണ്ട പരിഗണന നിർദ്ദിഷ്ഠമായിട്ടുള്ള പരിഗണന കൊടുക്കാതെ ന്യൂനപക്ഷകമ്മീഷൻറെ, ഘടനയെ അവഗണിക്കുന്ന നിലപാടു സ്വീകരിച്ചതുകൊണ്ടാണ് അതിൻറെ ചെയർമാൻ രാജിവയ്ക്കാൻ തീരുമാനിച്ചത്. ന്യൂനപക്ഷകമ്മീഷന് സ്റ്റാറ്റ്യൂട്ടറി സ്റ്റാൻറ് കൊടുക്കാമെന്ന ഒരു ധാരണയുണ്ടായിരുന്നു. അത് ഇന്ദിരാഗാന്ധിയുടെ കാലത്ത് ഇന്ദിരാഗാന്ധി കൊടുത്തിട്ടുള്ള ഒരു വാഗ്ദാനമായിരുന്നു. ബഹുമാനപ്പെട്ട സീതിഹാജി മനസ്സിലാക്കണം ന്യൂനപക്ഷകമ്മീഷന് സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള അംഗീകാരം കൊടുക്കാമെന്ന് ഇന്ദിരാഗാന്ധി സമ്മതിച്ചുവച്ചിരുന്നതാണ്.

ശ്രീ. പി.ബി.ആർ. പിള്ള: ഇൻഡ്യയിൽ ആദ്യമായി ന്യൂനപക്ഷ കമ്മീഷനെ വച്ചത് ജനതാഗവൺമെൻറാണെന്നറിയാമോ? സ്റ്റാറ്റ്യൂട്ടറി പവ്വറിനുവേണ്ടിയല്ല, മറ്റു ചില കാര്യങ്ങൾക്കുവേണ്ടിയാണ് രാജിവച്ചതെന്നറിയാമോ?

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട പി.ബി.ആർ. പിള്ളയ്ക്ക് ന്യൂനപക്ഷങ്ങളുടെ ചരിത്രത്തെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാ. ന്യൂനപക്ഷ കമ്മീഷനെ ജനതാഗവൺമെൻറ് നിയമിച്ചതല്ല. പി.ബി.ആർ. പിള്ള മനസ്സിലാക്കണം. ന്യൂനപക്ഷ കമ്മീഷൻ എത്രയോ കാലമായിട്ട് നിയമിക്കപ്പെട്ടു പ്രവർത്തിച്ചുവരികയാണ്.

ശ്രീ. പി.ബി.ആർ. പിള്ള: ഒരു ചോദ്യം.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: വേണ്ട, നിങ്ങൾ വിഡ്ഢിത്തം പറഞ്ഞു. അറിഞ്ഞുകൂടാത്തതു പറഞ്ഞു. ന്യൂനപക്ഷ കമ്മീഷൻ എന്നുള്ളത് ജനതാ ഗവൺമെൻറിൻറെ സൃഷ്ടിയല്ല. ന്യൂനപക്ഷ കമ്മീഷന് സ്റ്റാറ്റ്യൂട്ടറിയായിട്ട് അംഗീകാരം കൊടുക്കാമെന്ന് ഇന്ദിരാഗാന്ധി സമ്മതിച്ചിട്ടുണ്ടായിരുന്നു. ജനതാഗവൺമെൻറു വന്നതിനു ശേഷം സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള അംഗീകാരം ന്യൂനപക്ഷകമ്മീഷനു കൊടുക്കാത്തതുകൊണ്ട് അതിൻറെ ചെയർമാൻ രാജിവച്ചു പോകാൻ തീരുമാനിക്കുകയാണ് ചെയ്തത്.

ശ്രീ. പി.ബി.ആർ. പിള്ള: സർ, ഒരു.....

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: പി.ബി.ആർ. പിള്ളയ്ക്ക് ഒന്നും അറിഞ്ഞുകൂടാ; അതുകൊണ്ട് ഞാൻ വാദിക്കുന്നില്ല. വാദിക്കണമെങ്കിൽ അറിവുള്ളവരോടു വാദിക്കാം. ബഹുമാനപ്പെട്ട ചന്ദ്രശേഖരനോടു വാദിക്കാൻ തയ്യാറാണ്. പിന്നിൽ ഇരിക്കുന്ന പി.ബി.ആർ. പിള്ളയോടു വാദിക്കുന്നതിനേക്കാം മുമ്പിലിരിക്കുന്ന ചന്ദ്രശേഖരനോടു വാദിക്കാം. അറിവില്ലാത്ത കാര്യം പിള്ള ചുമ്മാതെ പറയരുത്. സീതി ഹാജിയാണെങ്കിൽ ഇതൊന്നും ആത്മാർത്ഥമായിട്ടു പറഞ്ഞിട്ടുള്ളതല്ല. ജനതാഭരണത്തിനുശേഷം അലിഗറിൽ നടന്ന കാര്യങ്ങളെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സീതിഹാജിയുടെ പാർട്ടിയുടെ അഭിപ്രായം വന്നിട്ടുണ്ട്. സുലൈമാൻസേട്ടു പറഞ്ഞിട്ടുള്ളതും സി.എച്ച്. മുഹമ്മദുകോയ പറഞ്ഞിട്ടുള്ളതും അതുപോലെ മറ്റു ലീഗു നേതാക്കൻമാർ പറഞ്ഞിട്ടുള്ളതും ആയ കാര്യങ്ങൾ അടങ്ങിയ പേപ്പർ കട്ടിംഗ് എന്റെ കൈവശമുണ്ട്. അതുകൊണ്ട് സീതിഹാജി ഇങ്ങനെ ഒരു വെറും വെട്ടുനടത്തരുത്. ഇന്ദിരാഗാന്ധിയാണ് ന്യൂനപക്ഷങ്ങളെ മർദ്ദിച്ചൊതുക്കിയെതെന്നും ജനതാഗവൺമെൻറാണ് സംരക്ഷകർ എന്നും പറഞ്ഞ് സന്തോഷിക്കരുത്.

ശ്രീ. പി.പി.വി. മൂസ: ബഹുമാനപ്പെട്ട മെമ്പർ സീതി ഹാജി, ഇന്ദിരാഗാന്ധിയുടെ മരണം സുവർണ്ണകാലഘട്ടമായിരുന്നു എന്നു പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: കഴിഞ്ഞകാലചരിത്രം പറയുമ്പോൾ സീതി ഹാജിക്കും മുഹമ്മദുകോയക്കും ഒക്കെ അസുഖമുണ്ടാകും. ഈ ഘട്ടത്തിൽ അസുഖമുണ്ടാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്തായാലും ഇതൊരു വസ്തുതയാണ്. കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കരുത്.

സർ, വിദ്യാഭ്യാസ സമരകാലത്ത് ഉണ്ടാക്കിയ എഗ്രിമെൻറ് നല്ലതാണോ ചീത്തയാണോയെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ ഒരു വലിയ എഗ്രിമെൻറുണ്ടാക്കി. അതൊരു വലിയ നേട്ടമാണെന്നാണ് പഴയ മുഖ്യമന്ത്രി പറയുന്നത്. നേട്ടമായിരിക്കാം. കോട്ടമായിരിക്കാം. അങ്ങനെ ഒരു എഗ്രിമെൻറുണ്ടെങ്കിൽ അതിൽ നിങ്ങൾ ഒപ്പു വച്ചിട്ടില്ലേ? അതു പാലിക്കാനുള്ള ബാദ്ധ്യത നിങ്ങൾക്കില്ലേ? ആ എഗ്രിമെൻറ് അനുസരിച്ചുള്ള ഗ്രാൻറ് നിങ്ങൾ എത്ര പേർക്ക് കൊടുത്തു. 9 കോടി രൂപയോളം ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾ നടക്കമുള്ള കോളേജുകൾക്കു കൊടുക്കണം. 9 കോടിയിൽ എതാണ്ട് അഞ്ചുകോടി ആറുകോടി രൂപയോളം മതന്യൂനപക്ഷങ്ങൾ നടത്തുന്ന കോളേജുകൾക്ക് ഗ്രാൻറ് കൊടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട കോയാസാഹിബ് അതു പറയണം. നിങ്ങൾ എഗ്രിമെൻറ് അനുസരിച്ചുള്ള ഗ്രാൻറ് നിഷേധിക്കാൻ വേണ്ടി എന്തൊക്കെ കാര്യങ്ങൾ കണ്ടുപിടിക്കുന്നു; എന്തെല്ലാം ന്യായങ്ങൾ പറയുന്നു. അവരുടെ പേരിൽ എന്തെല്ലാം ആരോപണങ്ങൾ വച്ചുകെട്ടി ഗ്രാൻറ് നിഷേധിക്കുന്നു. വിദ്യാർത്ഥികൾ കോളേജിൽ അഡ്മിഷനു വരുമ്പോൾ കാഷൻമണി കെട്ടി വയ്പിക്കും. പക്ഷെ, ആ വിദ്യാർത്ഥി തിരിച്ചുപോകുമ്പോൾ ആ രൂപാ മടക്കികൊടുക്കും. സെക്യൂരിറ്റിയായിട്ടാണ് ആ സംഖ്യ കെട്ടിവയ്പിക്കുന്നത്. എഗ്രിമെൻറിൽ ഫീസ് എന്നുമാത്രം പറഞ്ഞിരിക്കുമ്പോൾ ഇതും ഫീസാണെന്നു വ്യാഖ്യാനിച്ചുകൊണ്ട് ട്രഷറിയിൽ കെട്ടിവയ്ക്കണമെന്നു പറഞ്ഞ് അവരെ അലോസരപ്പെടുത്തുന്നില്ലേ? എഗ്രിമെൻറു നടപ്പാക്കാൻ നിങ്ങൾക്കു ബാദ്ധ്യതയുണ്ട്. എന്നാൽ ആ എഗ്രിമെൻറിലെ വ്യവസ്ഥകൾ നിങ്ങൾ കാറ്റിൽ പറത്തിയിരിക്കുകയാണ്, ഇങ്ങനെ പലവിധത്തിലും യൂണിവേഴ്സിറ്റികൾ ന്യൂനപക്ഷങ്ങളെ അവഗണിക്കുകയും മർദ്ദിക്കുകയും ചെയ്യുമ്പോൾ എന്തുകൊണ്ട് മതന്യൂനപക്ഷങ്ങളുടെ പ്രതിനിധിയായ മന്ത്രി മിണ്ടാതിരിക്കുന്നു, ഒന്നും ചെയ്യാതിരിക്കുന്നു? അങ്ങയ്ക്ക് ഇതിൽ ബാദ്ധ്യതയൊന്നുമില്ലേ? ഈ നിഷ്ക്രിയതയുടെ പിന്നിൽ പല കാര്യങ്ങളുമുണ്ടാകാം. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

സർ, ഒരുകാര്യം എനിക്കു ഈ അവസരത്തിൽ പറയാനുണ്ട്. ഈ യൂണിവേഴ്സിറ്റികളുടെ ഭരണം മെച്ചപ്പെടുത്താനും വിദ്യാർത്ഥികളുടെ ഭാവി ശോഭനമാക്കാനും ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിതാക്കളുടെ പാവപ്പെട്ട കുടുംബങ്ങളുടെ താൽപ്പര്യങ്ങളും സംരക്ഷിക്കാനും ഈ ദുർഭരണവും അഴിമതിയും നിർബാധം നടത്തുന്നതിനും കേരളത്തിലെ കേരളാ യൂണിവേഴ്സിറ്റി, കൊച്ചിൻ യൂണിവേഴ്സിറ്റി, കോഴിക്കോട് യൂണിവേഴ്സിറ്റി ഈ മൂന്നു യൂണിവേഴ്സിറ്റികളുടെയും ഭരണത്തെസംബന്ധിച്ച് ഒരു അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. യൂണിവേഴ്സിറ്റി നിയമത്തിലെതന്നെ സെക്ഷൻ 71 അനുസരിച്ച് ഒരു കമ്മീഷനെ നിയമിക്കണം. അത് ഈ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ പാർട്ടികളിലേയും എം.എൽ.എ. മാരുടെ പ്രതിനിധികളും അടങ്ങുന്ന ഒരു സമിതി ആയിരിക്കണം. ആ സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് കുറ്റം യൂണിവേഴ്സിറ്റി ചെയ്തിട്ടുണ്ടെങ്കിൽ മുഖം നോക്കാതെ യൂണിവേഴ്സിറ്റി നിയമത്തിലെ വ്യവസ്ഥകളും നൽകുന്ന അധികാരം ഉപയോഗിച്ച് ഇന്നത്തെ യൂണിവേഴ്സിറ്റി സമിതികളെ പിരിച്ചു വിടുകയും പുതിയ സമിതികളും രൂപീകരിക്കുകയും ചെയ്യാനുള്ള ബാദ്ധ്യത നിയമപ്രകാരവും ധാർമ്മികമായിട്ടും ഈ ഗവൺമെന്റിനും വിദ്യാഭ്യാസ മന്ത്രിക്കും ഉണ്ടെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കരുണാകരൻ: സർ, ഈ ഭേദഗതിബില്ലിൽ രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളാണുള്ളത്. അത് എതിർപ്പുള്ള കാര്യങ്ങളല്ല. വൈസ് ചാൻസലർമാരുടെ ശമ്പളവും മറ്റു വ്യവസ്ഥകളും നിശ്ചയിക്കലും അതുപോലെതന്നെ സെക്രട്ടറിമാരെ സെനറ്റിലേയ്ക്ക് കൊണ്ടുവരുന്നതും ഇക്കാര്യങ്ങളെ സംബന്ധിച്ചാണ് പ്രധാനമായും ബിൽകൊണ്ടുവന്നിട്ടുള്ളത്. പക്ഷെ നമ്മുടെ വിദ്യാഭ്യാസരംഗമെടുത്തു പരിശോധിച്ചുനോക്കിയാൽ ഇത്തരം ബില്ലുകൊണ്ടുവരുന്ന സമയത്ത് പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസരംഗം ഒന്നു നന്നാക്കിക്കൊണ്ടുവരാനുള്ള ശ്രമമല്ല ഗവൺമെന്റു നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പല റിപ്പോർട്ടുകളും എടുത്തു പരിശോധിച്ചാൽ കാണാൻ കഴിയും. ഉന്നത വിദ്യാഭ്യാസ രംഗം പൊതുവിൽ എടുത്തു പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനം ഒരു കുത്തഴിഞ്ഞ പുസ്തകമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട മറ്റു കാര്യങ്ങളിലേക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. സാക്ഷരതയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണെന്നൊക്കെയാണ് പറയുന്നത്. എന്നാൽ യൂണിവേഴ്സിറ്റി ഭരണവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ദിവസം തോറും പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അഴിമതി മറ്റു രംഗങ്ങളിൽ മാത്രമല്ല വിദ്യാഭ്യാസ രംഗവും പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ രംഗവും അതിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലെന്നാണ് ഈ നിയമസഭയിൽ തന്നെ വന്ന ചോദ്യോത്തരങ്ങളിൽനിന്നും കാണാൻ കഴിയുക. കേരള യൂണിവേഴ്സിറ്റിയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും നടന്ന അഴിമതികളെ സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു എന്നുള്ള ഉത്തരമല്ലാതെ അതേപ്പറ്റി വ്യക്തമായ മറുപടി പറയാൻ മന്ത്രിക്കുകഴിഞ്ഞിട്ടില്ല. സർ, ഈ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചു പൊതുവിൽ ബാധിക്കുന്ന നിയമം പാസ്സാക്കുന്ന സമയത്ത്, ഈ യൂണിവേഴ്സിറ്റികളിൽത്തന്നെ നിലനിൽക്കുന്ന ഭരണ സംബന്ധമായ പ്രശ്നങ്ങളെ ബംസന്ധിച്ചു ഗവൺമെന്റു ശ്രദ്ധിച്ചിട്ടുണ്ടോ? നമ്മുടെ സംസ്ഥാനത്തിലെ വിദ്യാർത്ഥികളുടെ പരീക്ഷകളും, അതുപോലെതന്നെ അവരുടെ ഭാവി ജീവിതം എല്ലാം തന്നെ ഉന്നത വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. ശ്രീമാൻ വേസ്സിക്കുട്ടി കുറേയേറെ കാര്യങ്ങളും സൂചിപ്പിച്ചു. ഇൻഡ്യയിലെ

1 P. M.]

LIBRARY ARCHIVES Kerala Legislative Assembly

മറേറതെങ്കിലും യൂണിവേഴ്സിറ്റിയിലെ മാർക്കുലിസ്റേറാ പരീക്ഷാ പേപ്പറോ, കേരളത്തിൽനിന്നോ, മറ്റു സംസ്ഥാനങ്ങളിൽനിന്നോകണ്ടു കിട്ടിയതായി നമ്മുടെ പത്രങ്ങളിൽ കാണാൻ കഴിഞ്ഞിട്ടില്ല. പക്ഷെ ഇവിടത്തെ ഡിഗ്രിഫോമുകളും ബോംബെയിലെ അമ്പലങ്ങളിൽ വച്ചു കാണാൻ കഴിയുന്നു. മാത്രവുമല്ല 1978-ൽ നടന്ന പ്രീഡിഗ്രി പരീക്ഷ യുടെ മാർക്കുലിസ്റുകളും ബോംബെയിലും മറ്റു സംസ്ഥാനങ്ങളിലും വച്ചുകാണാൻ കഴിയുന്നു. എന്തുകൊണ്ടാണ് ഇതു നടക്കുന്നതെന്നു ചോദിച്ചാലും അന്വേഷണം നടക്കുന്നുണ്ട് എന്നുമാത്രമാണ് മന്ത്രിക്കു പറയാൻ കഴിഞ്ഞിട്ടുള്ളത്. ഈ സർവ്വകലാശാലകളും സ്വയം ഭരണ സ്ഥാപനങ്ങളായി പൂർണ്ണമായും ഏൽപ്പിച്ചുകൊടുത്തിട്ടില്ല. നിയന്ത്രിക്കാനുള്ള അവകാശം ഗവൺമെൻറിന്റെ കൈയിൽ ഉണ്ട്. അതിനുള്ള പല വകുപ്പുകളും നിയമങ്ങളും നമ്മൾ എഴുതിവച്ചിട്ടുണ്ട്. പക്ഷെ സ്വതസിദ്ധമായ മറുപടിയല്ലാതെ ഇതിന്റെ ആഴത്തിൽ കടന്നു ചെന്നു പരിശോധിക്കുന്ന സ്ഥിതി ഗവൺമെൻറിനായാലും വിദ്യാഭ്യാസ വകുപ്പിനായാലും ഇല്ലെന്നുള്ളതു വ്യക്തമായിട്ടു നമുക്കു കാണാൻ കഴിയും.

അതുപോലെതന്നെ ഉന്നത വിദ്യാഭ്യാസരംഗത്തു കാര്യമായ മാറ്റങ്ങൾ വരുത്തണമെങ്കിൽ ആ രംഗത്ത് അദ്ധ്യാപകരെസംബന്ധിച്ചും വിദ്യാർത്ഥികളെ സംബന്ധിച്ചും ഉന്നയിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കാൻ നമുക്കു കഴിയണം. സർ, ഈ രാജ്യത്ത് ഉന്നത രംഗത്തു പ്രവർത്തിക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം യു.ജി.സി. സ്കെയിലും അതുപോലെതന്നെ ഗവൺമെൻറ് അംഗീകരിച്ച നിയമങ്ങൾ പോലും നടപ്പിലാക്കാൻ ഇനിയും തയ്യാറായിട്ടില്ല. ഞാൻ സൂചിപ്പിക്കുന്നതു ഗവൺമെൻറു കോളേജുകളിൽത്തന്നെ 1973-ൽ ഒരു ജി.ഒ. ഉണ്ട്. അത് അദ്ധ്യാപകരുടെ ട്രാൻസ്ഫറിനെ സംബന്ധിച്ചായിരുന്നു. പക്ഷെ ആ നിയമം അനുസരിച്ചല്ല ട്രാൻസ്ഫറുകളും നടക്കുന്നത്. അദ്ധ്യാപകരിൽ ഗവൺമെൻറിൽ സ്വാധീനമുള്ള ആളിന് എത്ര വർഷം വേണമെങ്കിലും ഒരു കോളേജിൽ നിൽക്കാം. അതല്ലാത്ത ആളുകൾ വർഷങ്ങളോളം വീടുവിട്ടു വളരെ ദൂരത്തന്നെ നിൽക്കേണ്ട സ്ഥിതിയാണുള്ളത്. 1973-ൽ പുറപ്പെടുവിച്ച ജി.ഒ. ഉണ്ടായിട്ടുപോലും ഗവൺമെൻറിൽ സ്വാധീനമുള്ളതനുസരിച്ചു കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതു ട്രാൻസ്ഫറിനായാലും പ്രമോഷനിലായാലും ഉണ്ടെന്നുള്ളതാണു വളരെ പ്രധാനപ്പെട്ട ഒരു വസ്തുത.

അതുപോലെതന്നെ സമ്മർ വേക്കേഷൻ കാലഘട്ടത്തിൽ പ്രത്യേകം കോഴ്സുകളും നടക്കാറുണ്ട്. ഈ കോഴ്സുകളിൽ പങ്കെടുക്കാറുള്ള അദ്ധ്യാപകർക്ക് ഏൺഡ് ലീവ് അനുവദിക്കാറുണ്ട്. അതു പ്രൈവറ്റു രംഗത്തു നടപ്പിലാക്കുന്നുണ്ട്. പക്ഷെ ഗവൺമെൻറ് ഈ രംഗത്തെ സംബന്ധിച്ചിടത്തോളം ഈ ഏൺഡ് ലീവ് ഗവൺമെൻറ് അദ്ധ്യാപകൻമാർക്ക് ഇതുവരേയും കൊടുക്കാൻ തയ്യാറായിട്ടില്ല.

അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഡെമോൺസ്ട്രേറർമാരേയും, ട്യൂട്ടർമാരേയും സംബന്ധിച്ചുള്ളത്. ചില ട്യൂട്ടർമാരെ നിയമിച്ചുകഴിഞ്ഞാൽ മാസങ്ങൾക്കുള്ളിൽത്തന്നെ ലക്ചർമാരായിട്ട് അവരെ പ്രമോട്ടുചെയ്യാറുണ്ട്. മറുപലരേയും സംബന്ധിച്ചിടത്തോളം വർഷങ്ങൾ കഴിഞ്ഞതിനുശേഷവും അവർ ലക്ചർമാരായിട്ടുവരാറില്ല. ഇന്നത്തെ വ്യവസ്ഥയനുസരിച്ചു 15 വർഷം കഴിഞ്ഞാൽ അവർക്കു

LIBRARY ARCHIVES Kerala Legislative Assembly

സെക്കൻറ് ഗ്രേഡു പ്രൊഫസർമാരായി പ്രമോഷൻ കിട്ടും. പക്ഷേ അഞ്ചും പത്തും വർഷം ഡെമോൺസ്ട്രേറർമാരായും ട്യൂട്ടർമാരായും നിൽക്കേണ്ട സ്ഥിതിയാണുള്ളത്. ചില ആളുകൾക്ക് അതും സ്വാധീനമുള്ള ആളുകൾക്ക് മാസങ്ങൾ കൊണ്ടുതന്നെ ഈ രംഗത്തു പ്രമോഷൻ കിട്ടും. പക്ഷേ ഏകീകരിച്ചു നാം പാസ്സാക്കിയ നിയമം പോലും ഈ രംഗത്തു നടപ്പിലാക്കുന്നില്ലെന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. ഈ ട്യൂട്ടർമാരും ഡെമോൺസ്ട്രേറർമാരും വർഷങ്ങളോളം അതേ സ്ഥാനത്തു തന്നെനിന്നു അവസാനം പത്തിരുപത്തിനാലു വർഷങ്ങൾ കഴിഞ്ഞാൽ പോലും നിയമപരമായിട്ടു യഥാർത്ഥത്തിൽ അവർക്ക് അവകാശപ്പെട്ട സെക്കൻഡ് ഗ്രേഡ് പ്രൊഫസർമാരായിട്ട് വരാൻ പറ്റുകയില്ലെന്നുള്ളതാണ് വസ്തുത.

സർ, അതുപോലെ തന്നെ ഈ നിയമസഭ നിരവധി പ്രാവശ്യം ചർച്ച ചെയ്യപ്പെട്ട ഒരു വസ്തുതയാണ് യു. ജി. സി. സ്കെയിൽ. ഗവൺമെൻറ് എന്തുകൊണ്ടാണ് ഇതിൽ മടികാണിക്കുന്നതെന്ന് എനിക്കറിയില്ല. കഴിഞ്ഞ പ്രാവശ്യംതന്നെ ഈ നിയമസഭയിൽ ഇൻഡ്യയിലെ മറെറല്ലാ സംസ്ഥാനങ്ങളിലേയും കാര്യം എടുത്തു പറഞ്ഞുകൊണ്ട് ആ സ്കെയിൽ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടു. ന്യൂനപക്ഷങ്ങളുടെ റിസർവേഷനെ സംബന്ധിച്ച് അതിനെതിരായിട്ടു നിൽക്കുന്ന ഒരു വ്യവസ്ഥയുമില്ല. വേവു ചെയ്യാനുള്ള അവകാശവും അധികാരവുമുണ്ട് ആ പ്രശ്നങ്ങളെ സംബന്ധിച്ച് ആലോചിക്കണമെന്നു പറഞ്ഞസമയത്ത് അദ്ധ്യാപകൻമാർക്കെതിരായിട്ടുള്ള ഓർഡിനൻസു കൊണ്ടുവരികയാണ് ചെയ്തത്. അവരുടെ സമരത്തിനെതിരായിട്ട് ഓർഡിനൻസ് കൊണ്ടു വരികയാണു ചെയ്തത്. യു.ജി.സി. സ്കെയിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അങ്ങേഭാഗത്തിരിക്കുന്ന പല ആംഗ്ലോക്കാരും ഇതേ നിയമസഭയിൽ സംസാരിച്ചതാണ്. ഉന്നത വിദ്യാഭ്യാസരംഗത്തു പൂർണ്ണമായിട്ടുള്ള നിയന്ത്രണം വേണമെന്നു പറയുന്നു. അതുപോലെ തന്നെ സംശുദ്ധമായിട്ടുള്ള ഭരണം വേണമെന്നു പറയുന്നു. ആ സമയത്ത് അവിടെയുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും ഉന്നയിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് യഥാസമയം ചർച്ചചെയ്യാനും നാം തയ്യാറാകേണ്ടതാണ്. അതിനു തയ്യാറാകാതെ എന്തുതന്നെ വന്നാലും കൊടുക്കുകയില്ലെന്നുള്ള സ്ഥിതിവന്നുകൂടാ. ശ്രീമാൻ മുഹമ്മദു കോയ ചില കാര്യങ്ങൾ പറഞ്ഞാൽ, ആദ്യം പറഞ്ഞുപോയതുകൊണ്ടു പിന്നെ അതിൽനിന്നും പിന്നോട്ടു പോകുന്ന ഒരു പ്രശ്നവും ഇല്ലെന്നുള്ള മറുപടിയാണ് പലപ്പോഴും കേൾക്കാറുള്ളത്. തീർച്ചയായിട്ടും ഇക്കാര്യങ്ങളെ സംബന്ധിച്ചു ഗവൺമെൻറു പുനർചിന്തനം ചെയ്യാൻ തയ്യാറാകണം.

അതുപോലെതന്നെ കോളേജ് അനുവദിക്കുന്നതു സംബന്ധിച്ചു മുൻപു ഗവൺമെൻറ് ഒരു നയമെടുത്തിരുന്നു. എനിക്കുതോന്നുന്നതു ശ്രീമാൻ ആൻറണി മുഖ്യമന്ത്രിയായിരുന്ന സമയത്താണെന്നാണ്; കോളേജുകൾ ഇനി ഗവൺമെൻറുരംഗത്തു മാത്രമേ തുറക്കു എന്നുള്ള ഒരു പ്രഖ്യാപനം നടത്തിയിരുന്നു. അതിനുശേഷം എട്ടോ പത്തോ സ്ഥലങ്ങളിൽ കോളേജു തുറന്നു. ആ കോളേജുകളിൽ ഒരു കോളേജിനു മാത്രമാണ് ഇന്നും ബിൽഡിംഗ് ഉള്ളത് കോട്ടയത്ത്. മററു കോളേജുകളിൽ തുടങ്ങിയ കാലത്തെ പ്രാഥമിക കോഴ്സല്ലാതെ ഒരൊററ കോഴ്സും പിന്നെ ആരംഭിച്ചിട്ടില്ല. ലൈബ്രറിയോ മററു സൗകര്യങ്ങളോ ഏർപ്പെടുത്താൻ ഗവൺമെൻറു ശ്രമിച്ചിട്ടില്ല. ഈ രംഗത്തു മുൻ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറു എടുത്ത നയത്തിൽ ഉറച്ചുനിൽക്കുന്നോ ഇല്ലയോയെന്നു ഗവൺമെൻറു പ്രഖ്യാപിക്കണം. ഗവൺമെൻറുരംഗത്തുതന്നെ തുടങ്ങണമെന്നു പറയാൻ കാരണം, സ്വകാര്യ വ്യക്തികളും, ഈ രംഗത്തു വരുന്നതുകൊണ്ടുള്ള എതിർപ്പുകൊണ്ടല്ല. സർ, നമ്മുടെ സംസ്ഥാനത്തുതന്നെ വളരെ പ്രാധാന്യം ചർച്ചചെയ്തിട്ടുള്ള ഒരു വിഷയമാണു കോത്താരി കമ്മീഷൻ റിപ്പോർട്ട്. നമ്മുടെ വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം 62 ശതമാനത്തോളം പ്രൈവറ്റു മേഖലയിലാണ്. അതുകൂടിക്കൂടിവരുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഇനി കോളേജുകളായാലും സ്കൂളുകളായാലും തുടങ്ങുമ്പോൾ അതു ഗവൺമെൻറു മേഖലയിലായിരിക്കണം കഴിയുന്നതും എന്ന്, കോത്താരി കമ്മീഷൻ ശുപാർശ ചെയ്തു. അതു ഗവൺമെൻറ് അന്നു തത്ത്വത്തിൽ അംഗീകരിച്ചിരുന്നു. ഇന്നു ഗവൺമെൻറു അതേ നിലയിൽത്തന്നെയാണു നിൽക്കുന്നത്.

വിദ്യാഭ്യാസരംഗത്തെക്കുറിച്ചു പറയുമ്പോൾ നമ്മുടെ വിദ്യാർത്ഥികൾ പഠിച്ചു പരീക്ഷയെഴുതിയാൽ, ഫസ്റ്റുക്ലാസ് കിട്ടുമെന്നു പറയുന്ന വിദ്യാർത്ഥികൾക്കുപോലും അതുകിട്ടുമെന്നു പ്രതീക്ഷിക്കാൻ കഴിയുകയില്ല. കാരണം പാസാകുന്ന വിദ്യാർത്ഥികൾ തോൽക്കുകയും തോൽക്കുന്ന വിദ്യാർത്ഥികൾ പാസാകുകയും ചെയ്യുന്ന ഒരു സ്ഥിതിയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. നിരവധി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്താനുള്ളത്, ഈ പരീക്ഷകൾ ഓരോ വർഷവും നാം നടത്തിക്കൊണ്ടിരിക്കുമ്പോൾ യഥാർത്ഥത്തിൽ നാം ചെയ്യുന്നത് ഈ രാജ്യത്തു വളർന്നുവരുന്ന നല്ല ഒരുകാലഘട്ടത്തെ കൊലചെയ്യുകയാണ്. കാരണം വർഷങ്ങളായി നമ്മൾ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പരീക്ഷണം നമ്മെ എവിടേയും എത്തിച്ചിട്ടില്ല. നമ്മുടെ കെമിസ്ട്രി വിദ്യാർത്ഥികൾ ചെയ്യുന്നതുപോലെ, കെമിസ്ട്രി ലബോറട്ടറിയിൽ പോയാൽ അവിടെ ആസിഡുകൾ ഉപയോഗിച്ചുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക ആസിഡുണ്ടാക്കാനുള്ള പരിശ്രമം നടത്തും. ആ റിസൾട്ടുകിട്ടുന്നതിനു മുൻപു പലപ്പോഴും അതുതെറിപ്പോകും. അവസാനമായിരിക്കും യഥാർത്ഥ റിസൽട്ടു കിട്ടുക.

അതിന്റെ ഫലം റിസൾട്ടു കിട്ടുക എന്നുള്ള രീതിയിലല്ല. അതിനു പകരിയായി പരീക്ഷണകാലഘട്ടത്തിനിടയിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് ശോഭനമായ നിരവധികാലം കൊലചെയ്യപ്പെട്ടുപോകുന്നു, നഷ്ടപ്പെടുന്നു. അതാണ് ഒരുഭാഗത്തു നടക്കുന്നതെങ്കിൽ യഥാർത്ഥത്തിൽ പാസാകേണ്ടിയ നിയമം നടപ്പാക്കാതിരിക്കുകയും പക്ഷപാതപരമായ സമീപനം സ്വീകരിക്കുകയുമാണ് മറുഭാഗത്തു ചെയ്യുന്നത്. പൊതുവേ പറഞ്ഞാൽ കൊച്ചിൻ കേരളാ കാലിക്കട്ട് യൂണിവേഴ്സിറ്റിക്കെല്ലാം ബാധകമായ ഒരു നിയമമാണിത്. അതിനെ എതിർക്കുകയല്ല. സാധാരണ ബഡ്ജറ്റ് ചർച്ചാസമയത്ത് പറയും വിദ്യാഭ്യാസത്തിനുവേണ്ടി വലിയ ഒരു സംഖ്യയാണു ചെലവഴിക്കുന്നത്. ചെലവഴിക്കുന്നതിനു തത്തുല്യമായ പ്രതിഫലം കിട്ടാത്ത ഒരു സ്ഥിതിവിശേഷത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിൽ ഒരു പങ്ക് നിങ്ങൾക്കില്ലെന്നു പറയാൻ കഴിയുകയില്ല. നിങ്ങളുടെ കൈകളും ആ കാര്യത്തിൽ ശുദ്ധമാണെന്നു പറയാൻ കഴിയുകയില്ല. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അദ്ധ്യാപകരും വിദ്യാർത്ഥികളും ഉന്നയിച്ച വളരെ പ്രധാനപ്പെട്ട കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ശ്രദ്ധിക്കണമെന്നും ഉന്നയിക്കപ്പെട്ട അഴിമതികളിൻമേൽ അന്വേഷണം നടത്താൻ തയ്യാറാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ചില സാങ്കേതികബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ വേണ്ടി കൊണ്ടുവന്ന ഒരു ഭേദഗതിനിയമമാണിത്. ഇത്തരമൊരു ചെറിയ ഭേദഗതിനിയമം കൊണ്ട് തിരുത്തപ്പെടേണ്ട സാഹചര്യത്തിലാണോ നമ്മുടെ സർവ്വകലാശാലാഭരണവും വിദ്യാഭ്യാസരംഗവും എത്തിനിൽക്കുന്നതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. സർവ്വകലാശാലാഭരണത്തിൽ ഗവൺമെൻറിനു കാര്യമായ നിയന്ത്രണമുണ്ടോ എന്നുവരെ സംശയിക്കേണ്ടിയിരിക്കുന്നു. ഒരു നിയമസഭാസാമാജികൻ എന്നുള്ള നിലയിൽ കഴിഞ്ഞ രണ്ടു വർഷത്തെ അനുഭവത്തിൽനിന്നും എനിക്കതു പറയാൻ കഴിയും. സർവ്വകലാശാലകളിലെ നിയമനം, റിസർച്ചിനുവേണ്ടിയുള്ള സെലക്ഷൻ, വിദ്യാർത്ഥികളുടെ മറ്റു ചില പ്രശ്നങ്ങൾ ഈ വക കാര്യങ്ങളെ സംബന്ധിച്ചെല്ലാം നിരവധി പരാതികൾ എന്റെ മുൻപിൽ വരികയും അതെല്ലാം ഞാൻ പ്രോചാൻസലർകൂടിയായ വിദ്യാഭ്യാസമന്ത്രിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അങ്ങനെ അയച്ചുകൊടുക്കുന്ന പരാതികളെപ്പറ്റി അന്വേഷിക്കാൻ പലപ്പോഴും യൂണിവേഴ്സിറ്റി ഭരണാധികാരികളെത്തന്നെയാണ് ചുമതലപ്പെടുത്തുന്നത്. അങ്ങനെ, കളളന്റെ കൈയിൽ താക്കോൽ കൊടുക്കുന്നതരത്തിലുള്ള ഒരു സമീപനമാണ് ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഗവൺമെൻറിന് സർവ്വകലാശാലാഭരണത്തേയും അതിന്റെ പോരായ്മകളേയും നിയന്ത്രിക്കാനുള്ള അവകാശാധികാരങ്ങളില്ലെങ്കിൽ അതുണ്ടാക്കിയെടുക്കാനുള്ള സമഗ്രമായ ഒരു സർവ്വകാലശാലാഭേദഗതിനിയമം കൊണ്ടുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സർവ്വകലാശാലയിൽ നടമാടുന്ന അഴിമതിയെക്കുറിച്ചെല്ലാം ബഹുമാന്യനായ ദേവസ്സിക്കുട്ടി ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ കക്ഷിയിൽപ്പെട്ട യുവജനവിഭാഗം ഈ സഭയിലെ ഒരംഗമായ ശ്രീ. ഇ. അഹമ്മദിന്റെ നേതൃത്വത്തിൽ കഴിഞ്ഞവർഷം കോഴിക്കോട്ടു സർവ്വകലാശാലാമന്ദിരത്തിന്റെ പടിക്കൽ ധർണ നടത്തുകയുണ്ടായി. അവിടത്തെ ക്രമക്കേടുകളെക്കുറിച്ചന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു ആ ധർണ.

ശ്രീ. ഇ. അഹമ്മദ്: അവർ സത്യാഗ്രഹം നടത്തിയിട്ടുണ്ടാകും. പക്ഷേ അത് എന്റെ നേതൃത്വത്തിലല്ല.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: ഉൽഘാടനം ചെയ്തത് ശ്രീ. ഇ. അഹമ്മദായിരുന്നു.

ശ്രീ. ഇ. അഹമ്മദ്: ഇല്ല. ഞാൻ ഉൽഘാടനത്തിലും പങ്കെടുത്തിരുന്നില്ല.

ശ്രീ എ. നീലലോഹിതദാസൻ നാടാർ: ഉൽഘാടനം ചെയ്യുമെന്നു നോട്ടീസുണ്ടായിരുന്നു. പോയോ ഇല്ലയോ എന്നെനിക്കറിഞ്ഞുകൂടാ. അതോ അഹമ്മദ് സ്വന്തം കക്ഷിയുടെ യുവജനവിഭാഗത്തെ കാലുവാരിയോ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയുടെയും ക്രമക്കേടുകളുടേയും കൂത്തരങ്ങായി മാറിയിരിക്കുന്ന സർവ്വകലാശാലാഭരണത്തെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തേണ്ടിയിരിക്കുന്നു. സർ, കഴിഞ്ഞ വിദ്യാഭ്യാസസമരകാലത്ത് ഉണ്ടാക്കിയ എഗ്രിമെൻറിനെക്കുറിച്ച് ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ സൂചിപ്പിച്ചു. ആ എഗ്രിമെൻറ് നടപ്പാക്കുന്നകാര്യത്തിൽ ഗവൺമെൻറും സർവ്വകലാശാലയും തയ്യാറുണ്ടോ എന്നാണദ്ദേഹം ചോദിച്ചത്. സർ, ആ എഗ്രിമെൻറിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഗവൺമെൻറും സർവ്വകലാശാലയും തയ്യാറായിട്ടുണ്ടോ എന്നാണു ചോദിക്കുന്നത്.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സത്യാഗ്രഹം ഉൽഘാടനം ചെയ്തത് ഈ അഹമ്മദാണോ ആ അഹമ്മദാണോ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: അത് അവിടെപ്പോയി അന്വേഷിച്ചാൽമതി.

സർ, സ്വകാര്യകോളേജുകളിലെ അദ്ധ്യാപകനിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനക്കാര്യത്തിലും മുൻപു നടന്ന രീതിയിലുള്ള ക്രമക്കേടുകളും ഇന്നും നടക്കുകയാണ്. കോഴസമ്പ്രദായം ഇന്നും നിലനിൽക്കുന്നു. അദ്ധ്യാപകനിയമനത്തിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അതിൽ ഗവൺമെൻറിനേയും സർവ്വകലാശാലയുടെയും പ്രതിനിധികളുണ്ടെന്നാണ് വയ്പ്. എന്നാൽ അവരെ നിയോഗിക്കുന്നതും സ്വകാര്യമാനേജുമെൻറുകളുംതന്നെയാണ് എന്നതാണു വാസ്തവം. അവർ ചോദിക്കുന്ന ആളുകളെ ഇന്ന കോളേജിൽ അദ്ധ്യാപക നിയമനത്തിനുള്ള കമ്മിറ്റിയിലേക്ക് അയയ്ക്കണമെന്നു പറഞ്ഞാൽ അയച്ചുകൊടുക്കുന്ന സാഹചര്യമാണിന്നുള്ളത്. അതുപോലെതന്നെ ഒരു പ്രത്യേക സന്ദർഭത്തിൽ സർവ്വകലാശാലകളുടെ ഏതെങ്കിലും സമിതികളിൽ അംഗങ്ങളായോ ഏതെങ്കിലും വകുപ്പുദ്ധ്യക്ഷൻമാരായോ ആർക്കെങ്കിലും വരാൻ കഴിഞ്ഞാൽ അവരെല്ലാം കൂടിച്ചേർന്ന് ഒരു പ്രത്യേക ധാരണയുടെ അടിസ്ഥാനത്തിൽ നടത്തുന്ന ഒരു കൂട്ടുകച്ചവടമായി ഇന്നത്തെ വിദ്യാഭ്യാസരംഗവും സർവ്വകലാശാലാഭരണരംഗവും അധഃപതിച്ചിരിക്കുകയാണ്. ഈ സ്ഥിതിക്ക് അറുതിവരുത്തേണ്ടിയിരിക്കുന്നു.

സർ, ന്യൂനപക്ഷത്തിന്റെ കാര്യവും ഇവിടെ പരാമർശിക്കപ്പെട്ടു. ന്യൂനപക്ഷത്തെക്കുറിച്ച് വാചാലമായി സംസാരിച്ചിട്ടൊന്നും കാര്യമില്ല. ന്യൂനപക്ഷത്തിനു ഭരണഘടനയിൽ കൊടുത്തിരിക്കുന്ന സംരക്ഷണയുടെ തണലിൽനിന്നുകൊണ്ടുതന്നെ സ്വകാര്യമാനേജുമെൻറുകൾക്ക് എന്തും നടത്താമെന്നുള്ള വ്യാമോഹമൊന്നും വേണ്ട. അതിന്റെ വക്കാലത്ത് ഏറ്റെടുത്തുകൊണ്ട് ആരും സംസാരിക്കേണ്ടതുമില്ല. ന്യൂനപക്ഷത്തിന്റെ താൽപ്പര്യത്തിനെതിരായാണ് ഞാൻ സംസാരിക്കുന്നതെന്നു തെറ്റിദ്ധരിക്കരുത്. ഇൻഡ്യയുടെ ചരിത്രത്തിലാദ്യമായി ന്യൂനപക്ഷങ്ങളെ കാണാനും അവർക്കുവേണ്ടി ഒരു കമ്മീഷനെ നിയോഗിക്കാനും കഴിഞ്ഞ ഒരു രാഷ്ട്രീയകക്ഷിയുടെയും ഗവൺമെൻറിനേറെയും കേരളത്തിലെ ഒരു പ്രതിനിധി എന്നുള്ള നിലയിൽ സംസാരിക്കാൻ എനിക്കഭിമാനമുണ്ട്. വസ്തുതകളെ മനഃപൂർവ്വം മറച്ചുവച്ചുകൊണ്ടാണ് ശ്രീമാൻ ദേവസ്സിക്കുട്ടി ഇവിടെ സംസാരിച്ചത്. ഇന്ദിരാഗാന്ധി ന്യൂനപക്ഷക്കമ്മീഷനെ നിയോഗിക്കുമെന്നും ന്യൂനപക്ഷക്കമ്മീഷന് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളും നൽകുമെന്നും പറഞ്ഞിരുന്നു എന്നാണദ്ദേഹം പറഞ്ഞത്. ഇന്ദിരാഗാന്ധി എന്തൊക്കെ പറഞ്ഞു? 1969–ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ പിളർപ്പുണ്ടായപ്പോഴും അത്

LIBRARY ARCHIVES Kerala Legislative Assembly

ഭാരിദ്ര്യമില്ലായ്മചെയ്യാനാണെന്നും സോഷ്യലിസം കെട്ടിപ്പടുക്കുകയാണെന്നും എത്രയോ തവണ അവർ പ്രസംഗിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു. എന്നിട്ടവസാനം തന്റെയും തന്റെപുത്രന്റെയും തന്റെ കുടുംബത്തിന്റെയും ഏകാധിപത്യം ഇൻഡ്യയുടെ മണ്ണിൽ അടിച്ചേൽപ്പിക്കാനുള്ള ഒരു ഉപകരണമായിട്ടാണ് അവർക്കുകിട്ടിയ ജനപിൻതുണയെയും അംഗീകാരത്തെയും ഉപയോഗപ്പെടുത്തിയത്.

ശ്രീ. ടി. എം. ജേക്കബ്: ആദ്യം നീലൻ ഈ ഏകാധിപത്യത്തെയൊക്കെ അനുകൂലിച്ച ആളല്ലേ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: ഈ രാജ്യത്തെ പുരോഗമനപരമായ പാതയിലേക്കു നയിക്കുമെന്നും മറ്റുമുള്ള പ്രഖ്യാപനത്തിലും വാഗ്ദാനങ്ങളിലുമെല്ലാം ഞങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടതാണ് എന്ന് പരസ്യമായി പറയുന്നതിന് എനിക്കു യാതൊരു മടിയുമില്ല. സൗകര്യം കിട്ടുമ്പോൾ അനുകൂലിക്കുകയും സൗകര്യംകിട്ടുമ്പോൾ എതിർക്കുകയും ചെയ്യുന്ന ടി.എം. ജേക്കബ്ബിന്റെ പാർട്ടിയുടെ പരിപാടി ഞങ്ങൾക്കില്ല. ശ്രീമാൻ ദേവസ്സിക്കുട്ടി സംസാരിച്ചപ്പോൾ അലിഗർ യൂണിവേഴ്സിറ്റിയുടെ ന്യൂനപക്ഷസ്വഭാവം നഷ്ടപ്പെടുത്തിയത് ഇന്ദിരാഗാന്ധിയല്ലേ എന്ന് സീതിഹാജി ചോദിച്ചു. ഇന്ദിരാഗാന്ധി നഷ്ടപ്പെടുത്തിയ ന്യൂനപക്ഷസ്വഭാവം പുനഃസ്ഥാപിക്കാൻ കഴിഞ്ഞത് ജനതാപാർട്ടിക്കാണ്, ജനതാ ഗവൺമെന്റിനാണ് എന്ന് അഭിമാനത്തോടുകൂടി പറയാൻ എനിക്കുകഴിയും. ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി പ്രതിജ്ഞാബദ്ധമായി നീങ്ങുന്ന ഒരു പാർട്ടിയാണ് ജനതാപാർട്ടി. ന്യൂനപക്ഷങ്ങൾക്കുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലും സഞ്ചരിക്കുകയും താൽപ്പര്യം പരിരക്ഷിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കപ്പെടണമെന്നു ഭരണഘടനയിലെഴുതിവച്ചിട്ടുണ്ടെന്നുവിചാരിച്ച് അതിന്റെ പേരിൽ വിദ്യാഭ്യാസകച്ചവടത്തിനു കൂട്ടുനിൽക്കാൻ ഞാൻ തയ്യാറല്ല. അവർ നടത്തുന്ന അഴിമതിയെയും സ്വജനപക്ഷപാതത്തെയും കുറിച്ചന്വേഷണം നടത്തുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നതിനു സഹായകമായ രീതിയിൽ നമ്മുടെ സർവ്വകലാശാലാനിയമത്തിൽ ഭേദഗതി കൊണ്ടുവരണമെന്നാണെന്റെ അഭിപ്രായം.

സർ, ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ പലതവണ കൊണ്ടുവന്നിട്ടുള്ള ഒരു പ്രശ്നമാണ് കേരള സർവ്വകലാശാലയിൽ ഒരു ഹിന്ദി വിഭാഗം സ്ഥാപിക്കണമെന്നുള്ളത്. യു.ജി.സി. യുടെ ഒരു പ്രതിനിധിസംഘം കേരളം സന്ദർശിച്ച അവസരത്തിൽ അവർ അതിന് അംഗീകാരം തന്നതാണ്. പക്ഷേ വിദ്യാഭ്യാസ മന്ത്രിയുടെയും സർവ്വകലാശാല ഭരണാധികാരികളുടെയും താൽപ്പര്യമില്ലായ്മ കാരണം ആ ഹിന്ദി വിഭാഗം ഇന്നുവരെ ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടില്ല. അത് പ്രത്യേകം ശ്രദ്ധിക്കണമെന്നും സ്ഥാപിക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ ആവശ്യപ്പെടുന്നു. ഈ സഭയിലെതന്നെ ഒരു അംഗമായിരുന്ന പരേതനായ കുഞ്ഞുകൃഷ്ണൻ നാടാരുടെ ശ്രമഫലമായി കാഞ്ഞിരംകുളത്ത് ഒരു കോളേജ് അനുവദിക്കുകയുണ്ടായി. യശശ്ശരീരനായ കാമരാജിന്റെ സ്മരണയെ നിലനിറുത്തിയാണ് ആ കോളേജ് അനുവദിച്ചത്. ചില പ്രത്യേക സാഹചര്യത്തിൽ അത് നടക്കാതെപോയി. ആ കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം നിരവധി തവണ കുഞ്ഞുകൃഷ്ണൻ നാടാർ തന്നെ ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ടുണ്ട്; ഞാനും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കും ഇപ്പോഴത്തെ മുഖ്യമന്ത്രിക്കും മുൻ മുഖ്യമന്ത്രിമാർക്കും എല്ലാം നിരവധി തവണ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പക്ഷേ ആ കോളേജ് സ്ഥാപിക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ അപരാധമാണ് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടായത്. ഭിന്നിപ്പിച്ചു ഭരിക്കുക എന്നുള്ള നയമാണ് ഈ ഗവൺമെൻറ് അക്കാര്യത്തിൽ സ്വീകരിച്ചു കാണുന്നത്. അവിടെ കോളേജ് വേണമെന്ന് ആരു പറഞ്ഞാലും പറയും നിങ്ങൾ ഇവിടെ സ്ഥലം വാങ്ങിച്ചുകൊള്ളൂ, കോളേജൊക്കെ സ്ഥാപിക്കാമെന്ന്. അങ്ങനെ തമ്മിലടിപ്പിക്കുന്ന ഒരു നയമാണ് ഈ ഗവൺമെൻറ് സ്വീകരിക്കുന്നത്. ഒന്നുകിൽ ഗവൺമെൻറ് നേരിട്ട് അവിടെ ഒരു കോളേജ് നടത്താൻ തയ്യാറാകണം. അല്ലെങ്കിൽ ഗവൺമെൻറിന് യുക്തമെന്നുതോന്നുന്ന ഏതെങ്കിലും ഒരു സ്വകാര്യ ഏജൻസിക്ക് കോളേജ് സ്ഥാപിക്കാനുള്ള അനുവാദം കൊടുക്കണം. ഇന്നത്തെ യാത്രാക്ലേശവും സഹിച്ച് വളരെയധികം കുട്ടികൾ അവിടെനിന്നും മൈലുകളോളം സഞ്ചരിച്ച് ഉന്നതവിദ്യാഭ്യാസം നടത്തുന്നുണ്ട്. ന്യൂനപക്ഷത്തിൽപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് കാഞ്ഞിരംകുളം. അതുപോലെതന്നെ ഒരു പിന്നോക്ക പ്രദേശവുംകൂടിയാണ്. മൽസ്യത്തൊഴിലാളികളുടേയും പന കയറന്തൊഴിലാളികളുടെയും അതുപോലെ സമൂഹത്തിന്റെ അടിത്തട്ടിൽ നിൽക്കുന്ന മറ്റു തൊഴിലാളികളുടേയുമൊക്കെ കുട്ടികൾക്ക് പഠിക്കാൻ വേണ്ടി കാഞ്ഞിരംകുളത്ത് ഒരു കോളേജ് അടിയന്തിരമായി ആരംഭിക്കുന്നതിന് ഈ ഭിന്നിപ്പിക്കൽ നയം അവസാനിപ്പിച്ചുകൊണ്ട് ഗവൺമെൻറ് മുന്നോട്ടു വരണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. മേൽ പറഞ്ഞ കാര്യങ്ങളിലൊക്കെ ഗവൺമെൻറിന് നേരിട്ട് നടപടികൾ സ്വീകരിക്കാൻ കഴിയുന്ന രീതിയിൽ സമഗ്രമായ ഒരു സർവ്വകലാശാലാഭേദഗതി നിയമം കൊണ്ടുവരുന്നതിന് ഗവൺമെൻറ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജെ. ജോസഫ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. സർവ്വകലാശാലാ സെനറ്റിലേക്ക് ഗവൺമെൻറിൽനിന്ന് ഒരു അഡീഷണൽ സെക്രട്ടറിയേയും സിൻഡിക്കേറ്റിലേക്ക് കൊളീജിയറ് എഡ്യൂക്കേഷൻ ഡയറക്ടറേയും എക്സ് ഒഫിഷ്യോ മെമ്പർമാരായി നോമിനേറ്റു ചെയ്യുന്നതിനുള്ള അവകാശം ഈ ബിൽമൂലം ഗവൺമെൻറിനു കിട്ടുകയാണ്. ഗവൺമെൻറും യൂണിവേഴ്സിറ്റിയും തമ്മിലുള്ള ബന്ധം മോശമായതുകൊണ്ട് നാളിതുവരെ യു. ജി. സി. കേരള യൂണിവേഴ്സിറ്റിക്ക് നൽകിക്കൊണ്ടിരുന്ന പല ആനുകൂല്യങ്ങളും കിട്ടാതെ വന്നിട്ടുണ്ട്. ഇപ്പോഴത്തെ ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് സ്കീം അനുസരിച്ച് ലക്ഷക്കണക്കിനു രൂപ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പണിയെടുക്കുന്ന അദ്ധ്യാപകർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ചെലവാക്കേണ്ടതാണ്. ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് സ്കീമിലേക്ക് ട്രെയിനിങ്ങിനു വിടുന്നതിന് അദ്ധ്യാപകരെ യൂണിവേഴ്സിറ്റി തിരഞ്ഞെടുക്കണമോ ഗവൺമെൻറ് തിരഞ്ഞെടുക്കണമോ എന്നുള്ള തർക്കം നിലനിൽക്കുന്നതിന്റെ ഫലമായി പല അദ്ധ്യാപകർക്കും അതിന് സാധിക്കാതെവരുന്ന സാഹചര്യത്തിൽ എത്തിനിൽക്കുകയാണ്. ഇതിനൊക്കെ മാറ്റം വരുത്തണമെങ്കിൽ കൊളീജിയറ് എഡ്യൂക്കേഷൻ ഡയറക്ടർ സിൻഡിക്കേറ്റിലേക്ക് വരികയും കാര്യങ്ങൾ യുക്തമായി തീരുമാനിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം. അങ്ങനെയായാൽ യു.ജി.സി. യിൽനിന്ന് നമുക്കു കിട്ടാവുന്ന പണം

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനും ഉപയോഗിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇംപ്രൂവ്മെന്റ് വരുത്തുന്നതിനും സാധിക്കും. കൊളീജിയറേറ് എഡ്യൂക്കേഷൻ ഡയറക്ടർ ഇപ്പോഴത്തെ സിൻഡിക്കേറ്റിൽ ഇല്ലാത്തതുമൂലം യൂണിവേഴ്സിറ്റിയുടെ ഭരണത്തിൽതന്നെ കുഴപ്പങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അദ്ധ്യാപക നിയമനം അതാതു കൊല്ലത്തെ വിദ്യാർത്ഥികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി നിജപ്പെടുത്തുകയാണ് വേണ്ടത്. പക്ഷേ കൊളീജിയറേറ് എഡ്യൂക്കേഷൻ ഡയറക്ടറുടെ അഭിപ്രായമനുസരിച്ച്, തലേ കൊല്ലത്തെ വിദ്യാർത്ഥികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി അദ്ധ്യാപകരുടെ എണ്ണം നിശ്ചയിച്ചാൽമതി. അങ്ങനെ ആയാൽ പല പ്പോഴും കുഴപ്പങ്ങൾ ഉണ്ടാകും. ഒരു അദ്ധ്യാപകൻ തന്നെ ഒരാഴ്ചയിൽ 30 മുതൽ 50 വരെ പീരിയഡ് എൻഗേജ് ചെയ്യേണ്ടതായിവരും. ഇത് മാറണമെങ്കിൽ തീർച്ചയായിട്ടും കൊളീജിയറേറ് എഡ്യൂക്കേഷൻ ഡയറക്ടറെക്കൂടി സിൻഡിക്കേറ്റിൽ അംഗമാക്കേണ്ടതുണ്ട്. അതുകൊണ്ട് അദ്ദേഹത്തെകൂടി നോമിനേറേറ് ചെയ്യുന്നതിനുള്ള ഈ ബിൽ തീർച്ചയായിട്ടും സ്വാഗതാർഹമാണ്.

സർ, ശ്രീമാൻ ദേവസ്സിക്കുട്ടി ന്യൂനപക്ഷങ്ങളുടെ അവകാശത്തിനുവേണ്ടി ഇവിടെ ഘോരമായി പ്രസംഗിക്കുന്നതു കേട്ടു. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾക്കെതിരായി മാനേജിംഗ് ബോർഡിനെ നിയന്ത്രിക്കാനുള്ള അധികാരം നൽകുന്ന യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കിയതും നടപ്പിലാക്കിയതും ശ്രീമാൻ ദേവസ്സിക്കുട്ടികൂടി ഭരണരംഗത്ത് ഇരുന്നപ്പോഴായിരുന്നു എന്നുള്ളത് മറന്നിട്ട് കാര്യമില്ല. അതേ സമയത്ത് അപാകതകളും ഉണ്ടെന്നുള്ളത് സത്യമാണ്. സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന ഒരു കാലഘട്ടത്തിൽ പുതിയ കോഴ്സുകളും പുതിയ സബ്ജക്റ്റുകളും ആരംഭിക്കുന്നതിനു തീർച്ചയായിട്ടും മാനേജിംഗ് കൗൺസിൽ വേണമെന്ന സിൻഡിക്കേറ്റിന്റെ തീരുമാനത്തിൽ വളരെ ഉറച്ചു നിൽക്കേണ്ടതായിട്ടില്ല. അക്കാര്യം ഇന്ന് ന്യൂനപക്ഷങ്ങളെ ബുദ്ധിമുട്ടിൽ ആക്കിയിട്ടുണ്ട്. അവർ അവരുടെ പ്രശ്നങ്ങളുമായി സുപ്രീംകോടതിയെ സമീപിക്കും. സിൻഡിക്കേറ്റിന്റെ നിലപാട് ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങളെ പരസ്യമായി ലംഘിക്കാൻ ആണെന്നു പറഞ്ഞുകൊണ്ട് കേസ് ഫയൽ ചെയ്തിരിക്കുമ്പോൾ മാനേജിംഗ് കൗൺസിൽ രൂപീകരിച്ചുകൊള്ളാമെന്ന് യൂണിവേഴ്സിറ്റിക്ക് ഉറപ്പുകൊടുക്കുകയും എഴുതികൊടുക്കുകയും അത് അനുസരിച്ച് മാനേജിംഗ് കൗൺസിൽ രൂപീകരിക്കുകയും ചെയ്യുക എന്നുള്ളത് തീർച്ചയായിട്ടും വിരോധാഭാസമാണ്. ഈ വിരോധാഭാസങ്ങളിലേക്ക് ന്യൂനപക്ഷങ്ങളെ നിർബന്ധിക്കുന്നത് തീർച്ചയായിട്ടും നീതിക്ക് നിരക്കുന്നതല്ല. ഈ കാര്യത്തിലും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റേയും യൂണിവേഴ്സിറ്റിയുടേയും നിലപാട് അപലപനീയമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ കുറെക്കൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ യൂണിവേഴ്സിറ്റിയിൽ ഇന്നു നടക്കുന്ന അഴിമതിയെപ്പറ്റി അന്വേഷിക്കാനും അഴിമതി നിർമ്മാർജ്ജനം ചെയ്യാനുമുള്ള ഒരു സംവിധാനംകൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ഥിരമായ ഒരു വിജിലൻസ് വിഭാഗംതന്നെ ഉണ്ടാക്കുന്നതും നല്ലതാണ്. യൂണിവേഴ്സിറ്റി പരീക്ഷകളുടെ പേപ്പറുകൾ അവ നോക്കുന്ന അദ്ധ്യാപകർക്ക് അതാതു സമയങ്ങളിൽ എത്തിച്ചു കൊടുക്കുന്നതിനും ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതുണ്ട്. കഴിഞ്ഞ പ്രാവശ്യം പരീക്ഷ കഴിഞ്ഞു 4 ആഴ്ച കഴിഞ്ഞിട്ടാണ് പേപ്പറുകൾ അദ്ധ്യാപകർക്ക് എത്തിച്ചുകൊടുത്തത്. അതുകൊണ്ട് ഇക്കാര്യത്തിൽകൂടി ഗവൺമെന്റ് ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

തിരിക്കേണ്ടതുണ്ട്. യൂണിവേഴ്സിറ്റിയുടെ ഭരണരംഗത്ത് അഴിമതി കടന്നു കൂടിയിട്ടുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കണം. ഇല്ലെങ്കിൽ ഇവിടെ ആരോപിക്കപ്പെട്ടിരിക്കുന്ന അഴിമതി തെറ്റാണെന്ന് തെളിയിക്കണം. അതിനുള്ള ഒരു സംവിധാനത്തെക്കുറിച്ചുകൂടി നാം ചിന്തിക്കേണ്ടതുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഭേദഗതി ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോഴം പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1979 മാർച്ച് 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.29-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

15.3.79-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 891 [1407]

കാണുക.

നമ്പർ	മന്ത്രിമന്ദിരത്തിന്റെ പേര്	അറ്റകുറ്റപണികൾക്കും താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനും ചെലവായതുക		ഫർണീച്ചർ ആദിയായവയ്ക്കു ചെലവായതുക	
		രൂ.	പ.	രൂ.	പ.
1.	റോസ് ഹൗസ്	24,278	00	10,485	90
2.	സാനഡു	17,813	00	25,652	36
3.	തൈക്കാട് ഹൗസ്	8,328	00	14,246	25
4.	കല്പന	6,031	00	16,942	47
5.	അജന്ത	5,688	00	11,499	10
6.	മനോമോഹൻ	9,085	00	10,813	12
7.	കവടിയാർ ഹൗസ്	4,237	00	9,626	05
8.	ചീൻങ്ങേഴ്സ്റ്റ്	6,419	00	5,357	02
9.	എസ്തൻഡീൻ	13,066	00	1,591	70
10.	ക്ലിഫ് ഹൗസ്	31,855	00	1,591	75
11.	അശോക	3,174	00	15,053	70
12.	പ്രശാന്ത്	3,156	00	5,250	44
13.	നെസ്റ്റ്	1,836	00	2,264	42
14.	പൗർണ്ണമി	742	00	3,349	94
15.	കൺടോൺമെന്റ് ഹൗസ് (+)	12,363	00	3,485	79
16.	എ-8 ജവഹർ നഗർ (x)	....	..	29,192	02
17.	പുരുഷോത്തം	3,762	00	24,063	10
18.	ക്ലിഫ് ഹൗസ് കോമ്പൗണ്ടിലെ അഞ്ച് കാർട്ടേഴ്സ് (അശോക, പ്രശാന്ത്, നെസ്റ്റ്, പൗർണ്ണമി, ഉഷസ്)	5,099	00	....	..
	ആകെ	1,56,932	00	1,98,655	73

(+) ഇപ്പോൾ ഇവിടെ സ്പീക്കർ താമസിക്കുന്നു.

(x) ഇപ്പോൾ പ്രതിപക്ഷനേതാവ് താമസിക്കുന്ന വീട്.

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS IN THE KERALA STATE

1. J. S. Paul and Sons, Cannanore.
2. G. Vital Prabhu, News Agent, Manjeswar.
3. K. R. Brothers, Calicut.
4. Moulavi Book Depot, Kasargode.
5. Kottayi Gopalan, Tellicherry.
6. Touring Book Stall, Calicut.
7. K. P. Ahmed Kunhi and Bros., Cannanore
8. Pallipat Stores, Irinjalakuda
9. St. Joseph's Press, Perintalmanna.
10. George Press, Ottappalam.
11. Travancore Law House, Ernakulam.
12. P. K. Brothers, Huzur Road, Calicut.
13. Viswanatha Stores, P. O. Chelakkara, Trichur Dt.
14. M. V. Johnson, Law Book Seller, Near Civil Court, Tellicherry
15. Manager, Higginbothams (Private) Ltd., Trivandrum.
16. Current Books Publishers and Book Sellers, Trichur.
17. The Educational Supplies Book Depot, Sultanpet, Palghat.
18. H. and C. Stores, Dealers in Books, Kunnamkulam.
19. Reddiar Press and Book Depot, Trivandrum.
20. K. Parameswaran Pillai, Stamp Vendor, Pulimood, Trivandrum.
21. Educational Supplies Depot, Trivandrum.
22. Jayachandra Book Depot, Chalai, Trivandrum.
23. S. Subramonia Iyer, Book Seller and Stamp Vendor, Kazhakoottam.
24. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum.
25. N. Parameswaran Pillai, Alummoodu Vēedu, Stamp Vendor, Kottarakkara.
26. N. Neelakanta Iyer, Stamp Vendor, Padmavilasom Street, Fort, Trivandrum.
27. K. V. Press and Book Depot, Main Road, Attingal.
28. K. Bhaskaran Nair, News Agent, Trivandrum.
29. Kerala Book House, Kodungalloor.
30. K. K. Raghava Menon, Popular Book Depot, Kodungalloor.
31. C. M. Book Stall and Publishers, Parayil, Kunnamkulam.
32. A. Jose, Proprietor, S. V. Press and Book Depot, Neyyattinkara.
33. M. Paramanandan, Ambika Press and Book Depot, Neyyattinkara.
34. The New Order Book Company, Ellis Bridge, Ahmedbad-6.
35. Paiand Company, Broadway, Ernakulam-1.
36. S. Hariharakrishna Iyer, Vinayaka Book Stall, Pazhavangadi, Fort, Trivandrum.
37. K. P. Gopalan, Swaraj Book Stall, Court Road, Quilandy.
38. Ambat Sekhara Menon, Menon Stores, Chittur, Cochin.
39. M. I. Abraham, News Agent and Book Seller, Punalur P. O.
40. K.V. Thomas, K. G. Book Depot, Chengannur.
41. C. L. Joseph, The National Stores, Thana, Irinjalakuda.
42. P. Krishnamoorthy, Merchant, Near Post Office, Manantody.
43. Prakasam Press and Book Depot, Main Road, Irinjalakuda.
44. Vijnanabhavan Book Stall, Publishers and Book Sellers, Kayamkulam, Alleppey.
45. P. Radhakrishna Pillai, Sivavilasam, Kizhakkekara, Kottarakkara.
46. Vidyarambham Press and Book Depot (P) Ltd., Mullakkal, Alleppey.
47. K. S. Kumara Pillai, Sreekumar Stores, Nedumangad.
48. E. K. John, Stamp Vendor, C/o Popular Trading Co., Kottayam.
49. Mahatma Press, Palace Road, Trichur.
50. P. K. Chacko, Peekaycee Trades, Kottayam.
51. Janatha Book Stall, Near P. M G's. Office, Trivandrum.
52. The Govt. Servants Co-operative Society Ltd., No. A 208, Alleppey.
53. St. Thomas Press, Palai.
54. The National Stores, Cannanore.
55. N. Chellappan Pillai, Narayana Press and Book Stall, Attingal.
56. K. Kunhambu, Bharath Printing Press, Kanhangad (P.O.), Cannanore.
57. Koshy P. John, Vidyarthy Mithram Press & Book Depot, Kottayam.
58. Y. Habeebulla, New Book Centre, Near Collectorate, Quilon-9.
59. Vijayakumar Jain, Prabhu Book Services, Gurgaon, Hariyana.
60. Haji Abdul Rahiman Sait, Merchant, Kesavadasapuram, Trivandrum-4.
61. M. Balan, City Book Stall, R. S. Road, Ottappalam.

[Continued to inside cover]

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS—(Continued from outer cover)

62. K. Kunhiraman, Jaya Stores, Vazhuthacaud, Trivandrum.
63. P. N. Narayana Pillai, M. N. Printers, Adoor.
64. N. Krishnan Nair, Edupadical Puthan Veedu, Kattakada, Neyyattinkara.
65. V. M. Noohu, Book Seller, Ansari Book Stall, Nilamel.
66. A. Narayanan Potti, Book Seller, Near Civil Station, Quilon-9.
67. G. Prabhakaran Nair, Premier Book House, Moovattupuzha.
68. Desabhimani Book House, M. G. Road, Trivandrum-1.
69. K. V. Devassy, Perintalmanna Printing Works, Perintalmanna.
70. K. Bhaskara Pillai, Prabha Book Depot, Attingal P. O.
71. K. A. George, Students Stores, 74/XII, Sub Jail Road, Alwaye.
72. V. K. N. Pillai, Porayil Veedu, Manayilkulangara, Quilon-12.
73. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad.
74. Smt. A. Poornambal, Bhagya Enterprises, M.G. Road, Trivandrum-1.
75. K. J. Cheriyan, Victory Book House, Moovattupuzha.
76. M. C. Cheriyan, M. C. C. Book Depot, Chengannur.
77. M/s Radha Stores, Main Road, Shoranur-1.
78. A.T.A. Mustafa, Mustafa Book Company, P.O. Payangad, Cannanore district.
79. M.C. Babu, Babu Brothers Book Depot, Alwaye-1.
80. P. C. Cherian, St. Mary's Press and Book Depot, Changanacherry-1
81. R. Radhakrishnan Nair, Modern Books, Near Boat Jetty Road, Quilon.
82. Smt. K. Thankamma, Contractor of K. G's. Book Stall, Kottayam.
83. M/s House of Knowledge, Publishers and Book Sellers, Round South, Trichur.
84. V. Krishna Iyer, T. C. 18/261, Valiachala, Trivandrum,
85. Central Book Stall, Palace Road, Trichur.
86. M/s New Ladies Fancy Centre, Mannarghat.
87. Indu Book Depot, Angamaly, Ernakulam Dt.
88. Indo-Malayan Book Stall, Fort, Trivandrum.
89. K. J. Raphel, Santha Book Stall, Sultanpet, Palghat.
90. M. M. Varghese, Book Centre, West Nada, Guruvayur.
91. M/s Asoka Book Agency, 2/27, Roop Nagar, Delhi-110 007.
92. M/s St. Joseph Book Stall, Convent Square, Alleppey.
93. N. Sadanandan, Sadanandan Printers, Publishers & Book Sellers, P.O. Alathur.
94. Ashok Traders, Book Sellers, Market Junction, Kottarakkara-691 506.
95. M/s D. K. Book Organisation, 74-D, Anand Nagar (Inderlock), Delhi-110 033.
96. Janatha Stores, College Road, Trichur-1.
97. P. Vasu, Partner, P. V. Book Stall, S. M. Street, Calicut-1.
98. K. R. Sukumaran Nair, Sukumar Book Stall, Thampanoor, Trivandrum.
99. P. P. Eappen, 2/153, Grace Villa, Paravattani, Trichur-5.
100. P. Aravindakshan, Book Seller, Kottakkal.
101. V. C. Abraham, St. Thomas Press and Book Depot, Kozhencherry.
102. K. Mohan, S.N.V. Press and Book Depot, Kottarakkara.
103. M/s Students Centre, Ottappalam.
104. K. Ali, Ali Stores, Badagara.
105. K. C. Balan Nair, Book Centre, Opp. B.R.K.P. High School, Tellicherry-1.
106. P. Madhavan Pillai, M. S. Book Depot, Main Road, Quilon.
107. C. Parameswaran Nair, Ceepees Books and Periodicals, Trivandrum-24.
108. K. T. Varkey, Sam Agencies, Ponkunnam.
109. N. G. Raveendranathan Nair, Rajashree Traders, P.O. Road, Perumbavoor.
110. M. Subbain, Student's Stores, Kesavadasapuram, Trivandrum.
111. M. P. Rajendran, Gift House, Convent Road, Badagara.
112. A. P. Thankappan Nair, New College Book Stall, Muvattupuzha-686 661.
113. P. Hamza, Premier Book Stall, Manjeri Road, Malappuram.
114. P. Rajasekharan, Sree Lakshmivilasam Book Depot, Broadway, Ernakulam.
115. V. Ramakrishna Pillai, Proprietor, Raja Stores, Karunagappally.
116. R. Radhakrishna Pillai, Chadayamangalam P.O., (Via) Kottarakkara.
117. N. E. Balakesavan, Modern Book Centre, G. P. O. Junction, Trivandrum.
118. M/s Swamy Book Centre, Opp. Ayurveda College, Trivandrum-695 001.
119. N. M. Job, Book Centre, Ottappalam.
120. M/s Parishat Book Stall, Court Road, Manjeri.
121. M/s General Papers, Books, Papers & Stationery Merchant, Perintalmanna.
122. M/s Guru Book Stall, Palayam Road, Calicut.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly